# പാരിജാതം

| പുസ്തകം 2 | 1124 മേടം. | ലക്കം 9 |
|---|---|---|

JUN 1949

## മംഗളം.

[ബ്രഹ്മശ്രീ ഓവങ്കര ചെറിയ ശങ്കരൻനമ്പൂതിരി.]

നിസ്തുല്യഭംഗികലരും നവമായ നല്ല
പത്രങ്ങളാൽ പരിലസിച്ചു ഖഗാളിനിത്യം
എത്തിബ്ഭുജിക്കുമൊരു ശങ്കരദാരദിവ്യ-
പൃഥ്വീരുഹം പരമഭീഷ്ടമണച്ചിടട്ടേ!

---

## * ശാസ്ത്രപ്രാമാണ്യം.

[കവിതിലകൻ, ശ്രീ. വടക്കാങ്കൂർ രാജരാജവൎമ്മരാജാ.]

ശാസ്ത്രവും സാഹിത്യവും വാഗ്ദേവിയുടെ രണ്ടു അംശങ്ങൾ എന്നും രണ്ടും ശ്രേഷ്ഠങ്ങൾ എന്നും സമ്മതിക്കണം. എങ്കിലും ശാസ്ത്രത്തിന്നു മറേറതിനേ ാൾ വൈശിഷ്ട്യം ഏറുന്നു. സാഹിത്യം എന്നുവേ ്ട എല്ലാ കലകളും, എന്തിന്? മനുഷ്യന്റെ ജീവി വും ശാസ്ത്രത്താൽ നിയന്ത്രിതമല്ലെന്നു വരികിൽ പ്രാ തവും അസുന്ദരവും നിഷ്പ്രയോജനവും ആയി ഭവിക്കു . അനുഭവസിദ്ധമായ ഈ വസ്തുത ശാസ്ത്രത്തിന്റെ ഹാത്മ്യത്തെ തെളിയിക്കുന്നു.

ശാസ്ത്രജ്ഞന്മാർക്കും കവികൾക്കും അന്യോന്യം ള്ളകൊണ്ടു ബഹുമതി കുറയും.

ശാസ്ത്രേഷ്വശക്താഃ കവയോ ഭവന്തി
കാവ്യേഷ്വശക്താഃ കൃഷകാ ഭവന്തി.

ന്നു ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. ശബ്ദാദിശാസ്ത്രങ്ങളിൽ പ്രവൃത്തിക്കുന്നതിന്നു കെല്പു കുറയുന്നവർ കവികളും, കവിതയ്ക്കു അശക്തന്മാർ കൃഷിക്കാരും ആയിത്തീരുന്നു എന്നു ഭാവം. രാജാക്കന്മാർ നടത്തിവന്ന വിദ്വത്സദസ്സുകളിൽ കേവലം കവികൾക്കു സ്ഥാനം അനുവദിച്ചിട്ടില്ല. സുപ്രസിദ്ധനായ കോഴിക്കോട്ടു മാനവിക്രമന്റെ വിദ്വത്സദസ്സിലെ അംഗങ്ങളായിരുന്ന പയ്യൂർ പട്ടേരിമാരും മററും കവികൾമാത്രമല്ല, മീമാംസാദിശാസ്ത്രപാരംഗതന്മാർകൂടിയായിരുന്നു. അതുകൊണ്ടു ശാസ്ത്രത്തിന്നു അധികം മാന്യത കൊടുത്തിരുന്നു എന്നു സ്പഷ്ടം. ശാസ്ത്രത്തെ ആക്ഷേപിക്കുന്നകാര്യത്തിൽ കവികളും നല്ല വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചിരിക്കുന്നു. പരിഹാസരസികനായ മഹാകവി നീലകണ്ഠദീക്ഷിതർ ഇപ്രകാരം പറയുന്നു.

സാഹിത്യാദപിശാസ്ത്രാണി
വിശിഷ്ടാനീതിചേന്മതിഃ

തതോപി വേദാധ്യയനം
തതോപി ശിവകീർത്തനം.

സാഹിത്യത്തേക്കാൾ ശാസ്ത്രം ശ്രേഷ്ഠമെങ്കിൽ വേദാധ്യയനത്തിന്നു അതിൽക്കൂടുതൽ ശ്ലാഘ്യതയുണ്ട്. അതുകൊണ്ടുമായില്ല. വേദം പഠിക്കുന്നതിനേക്കാൾ ഉത്തമം വല്ല സ്ഥലത്തുമിരുന്നു പഞ്ചാക്ഷരം ജപിക്കുകയാകുന്നു. മുക്തി എളുപ്പം കിട്ടും. സഹൃദയന്മാർക്കു സർവ്വത്തെയുംകാൾ സാഹിത്യം ശ്രേഷ്ഠം എന്ന അഭിപ്രായം അർത്ഥവും അടിസ്ഥാനവും ഏറിയതുതന്നെ. വാസ്തവത്തിൽ, രണ്ടിനും അതാതിന്റെ യോഗ്യത വകവച്ചുകൊടുക്കുകയത്രേ യുക്തം. ഇവയിൽ ഒന്നിനെ വെടിഞ്ഞു മറ്റൊന്നിനെ കൈക്കൊള്ളുന്ന നയത്തെ ആദരിക്കാവുന്നതല്ല. ശാസ്ത്രത്തെ ആഹാരത്തോടുംസാഹിത്യത്തെ അലങ്കാരത്തോടും ഉപമിക്കാം; ആദ്യത്തേതു ക്രമത്തിന്നു ഉണ്ടെന്നുവരികിൽ രണ്ടാമത്തേതു ആവശ്യവും ഹൃദ്യവും ആകും. അല്ലെങ്കിൽ നിഷ്പ്രയോജനം. ശാസ്ത്രത്തിന്റെ ഈ മുഖ്യത അന്യഥാ ഭവിക്കുന്നതല്ല.

ശാസ്ത്രം സാഹിത്യത്തിന്നെന്നല്ല സർവ്വകലകൾക്കും അടിസ്ഥാനമായി നില്ക്കുന്നു. മനുഷ്യരുടെ ജീവിതത്തിന്നും അതിനോടു അഭേദ്യമായ ബന്ധം സിദ്ധിച്ചിട്ടുണ്ട്. ശാസ്ത്രാനുസരണം കല്പിതമാകുമ്പോൾമാത്രമേ കലയും ജീവിതവും അർത്ഥവത്താകുകയുള്ളു. അന്യഥാ നിർമ്മിതമാകുമ്പോൾ അവ പ്രാകൃതങ്ങളും നിഷ്ഫലങ്ങളും ആയിത്തീരും.

സംസ്കൃതപണ്ഡിതന്മാർ ശാസ്ത്രത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു വേണ്ടവിധം അറിഞ്ഞു പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ടു ഭാഷയ്ക്കും സാഹിത്യത്തിന്നും കലകൾക്കും അടിസ്ഥാനമായി അനേകം ശാസ്ത്രങ്ങൾ നിർമ്മിക്കപ്പെടുന്നതിന്നു ഇടയായി. പാണിനിപ്രമുഖന്മാരായ ആചാര്യന്മാരുടെ ശബ്ദശാസ്ത്രങ്ങൾ, അമരാദികളുടെ നിഘണ്ടുക്കൾ, മമ്മടാനന്ദവർദ്ധനജഗന്നാഥാദികളുടെ കാവ്യപ്രകാശം മുതലായവ, എന്നിവയൊക്കെ സംസ്കൃതഭാഷയുടേയും സാഹിത്യത്തിന്റെയും പ്രഭാവത്തെ വർദ്ധിപ്പിക്കുന്നവയാണ്. ഈവക ശാഖകളിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥങ്ങൾക്കു കണക്കില്ല. അവയുടെ ഭാഷ്യവ്യാഖ്യാനാദികളും അസംഖ്യംതന്നെ. അവ പൊതുവെ പാഠഗ്രന്ഥങ്ങളായി സ്വീകരിക്കപ്പെട്ടുവന്നു. അതുകൊണ്ടു വിദ്യാർത്ഥികൾ അവ പഠിക്കുക പതിവാണ്. അങ്ങിനെ അവ പഠിച്ചവരാണു പിന്നീടു കവികളും ശാസ്ത്രകാരന്മാരും വ്യാഖ്യാതാക്കന്മാരും നിരൂപകന്മാരും മററുമായി സാഹിത്യവ്യവസായം ചെയ്തിരിക്കുന്നവരെല്ലാം. അതുകൊണ്ട് അവരുടെ കൃതികൾ അനശ്വരങ്ങളും അമൂല്യങ്ങളും ആയ സമ്പത്തുകളായി ആദരിക്കപ്പെടുന്നു. സംസ്കൃതത്തിലെ ഏതു പ്രബന്ധം നോക്കിയാലും ഈ വസ്തുത നിഷ്പ്രയാസം ഗ്രഹിക്കാം. ശാസ്ത്രാനുസരണം നിർമ്മിതങ്ങളാകുന്ന കൃതികൾക്കു എത്രയ്ക്കു ഗുണപുഷ്ടിയും ഉന്നതപദവും ലോകബഹുമതിയും കൈവരുമെന്നതിന്നു സംസ്കൃതകാവ്യങ്ങൾ പരമങ്ങളായ ഉദാഹരണങ്ങളാകുന്നു.

സാഹിത്യത്തിന്റെയും ജനസമുദായത്തിന്റെയും അഭിവൃദ്ധിക്കു മുഖ്യമായി ചെയ്യേണ്ട കൃത്യം, ശാസ്ത്രംകൊണ്ടു നിരങ്കുശഗതിയെ നിയന്ത്രിച്ചു അവയെ സുഭഗമായ മാർഗ്ഗത്തിൽക്കൂടി നയിക്കുകയാകുന്നു. കാവ്യകാരന്മാർക്കും ജനങ്ങൾക്കും സ്വസ്വധർമ്മങ്ങളെ സംബന്ധിച്ചു വേണ്ട ജ്ഞാനം ശാസ്ത്രത്തിൽനിന്നു അല്ലാതെ കിട്ടുന്നതല്ല. കേവലം സങ്കല്പകല്പിതങ്ങളായ കുറെ സങ്കേതങ്ങളുടെ പരമ്പരയല്ല ശാസ്ത്രം. അങ്ങിനെ ചിലർ വിചാരിക്കുന്നതു കഷ്ടം! ഏതു കലയ്ക്കും അതിന്റെ ആകൃതിയും പ്രകൃതിയും ധർമ്മവും ചൈതന്യവും സംഭവിക്കുന്നതിന്നു അത്യാവശ്യങ്ങളും പ്രത്യേകം ചില പ്രതിപാദനരീതികളോടും സങ്കേതങ്ങളോടുംകൂടി ലോകധർമ്മങ്ങളെയും യുക്തിയെയും അനുസരിച്ചു ഉണ്ടാക്കിയിരിക്കുന്നവയും ആയ നിയമങ്ങളുടെ സമുച്ചയമാണു ശാസ്ത്രം. അതിനോടു അകലുന്തോറും കല വികലയും വിഫലയും ആകുന്നു. അടുക്കുംതോറും അതിന്നു ഹൃദ്യതയും സംസ്കൃതിയും കൂടും. അപ്രകാരം ശാസ്ത്രത്തിന്നു സാഹിത്യാദികലകളുടെമേൽതന്നെയല്ല, മനുഷ്യസമുദായജീവിതത്തിന്റെയുംമേൽ ശക്തിമത്തായ ഒരു അധികാരം നിലനില്ക്കുന്നുണ്ട്. അതിനെ മാനിക്കുകയത്രേ ആരുടെയും കൃത്യം.

സാഹിത്യകാരന്മാർക്കു പൊതുവേ എല്ലാ ശാസ്ത്രത്തിലും സാമാന്യജ്ഞാനം സിദ്ധിച്ചിരിക്കണം. അതില്ലെന്നുവരികിൽ സന്ദർഭോചിതങ്ങളും സരസങ്ങളും ആയ ആശയങ്ങൾ കല്പിച്ചു കാവ്യത്തിന്നു മോടിവരുത്തുന്നതിന്നു പ്രയാസപ്പെടും. സഹൃദയന്മാർക്കും ശാസ്ത്രജ്ഞാനം വേണ്ടെന്നുവയ്ക്കാവുന്നതല്ല. വിവിധശാസ്ത്രതത്വങ്ങളെ സ്മരിച്ചുകൊണ്ടു കവികൾ നിർമ്മിച്ചിരിക്കുന്ന കാവ്യങ്ങളുടെ സാരാംശം ഗ്രഹിക്കുന്നതിന്നും രസിക്കുന്നതിന്നും ശാസ്ത്രജ്ഞന്മാരായ സഹൃദയന്മാർക്കു മാത്രമേ സാധിക്കുകയുള്ളൂ. സാമുദ്രികം ധർമ്മം മുതലായശാ

സ്ത്രങ്ങളെ അടിസ്ഥാനമാക്കിയാണു രഘുവംശാദി കാവ്യങ്ങളിൽ

വ്യൂഢോരസ്കോ വൃഷസ്കന്ധഃ
സാലപ്രാംശുർമ്മഹാഭുജഃ

എന്നു നായകന്മാരെ വൎണ്ണിച്ചിരിക്കുന്നതു്.

കക്ഷഃ കക്ഷിശ്ച വക്ഷശ്ച
ഘ്രാണസ്കന്ധൌ ലലാടികാ
സൎവ്വഭൂതേഷു നിർദ്ദിഷ്ടാ
ഉന്നതാസ്സു സുഖപ്രദാഃ

മുതലായ ശാസ്ത്രങ്ങൾ നോക്കുക. കാവ്യങ്ങൾ, അവയ്ക്കു ഇപ്രകാരം ശാസ്ത്രവുമായി സിദ്ധിച്ചിരിക്കുന്ന ബന്ധത്തെ ഗണിക്കാതെ വായിക്കുന്നതുകൊണ്ടു ഫലം വളരെ കുറയും.

ഭാഷയിൽ പൂൎവ്വകാലത്തു ശാസ്ത്രങ്ങൾ കുറവായിരുന്നു. എന്നാൽ അന്നു കവികൾ സംസ്കൃതപണ്ഡിതന്മാരായിരുന്നതുകൊണ്ടു ശാസ്ത്രാനുസരണം പ്രവൎത്തിക്കുന്നതിന്നു അവൎക്കു സാധിച്ചു. അതുകൊണ്ടു മാൎഗ്ഗഭ്രംശം നേരിടാതെ അവരുടെ കാവ്യങ്ങൾ ഉത്തമങ്ങളായിത്തീൎന്നു. ഇന്നു ഭാഷയിൽ വ്യാകരണാലങ്കാരാദികളെ സംബന്ധിച്ചു പല വിശിഷ്ടഗ്രന്ഥങ്ങളും ഉണ്ടായിട്ടുണ്ടു്. അവ ലബ്ധപ്രതിഷ്ഠങ്ങളെന്നും കാണാം. എന്നാൽ അനഭ്യാസംകൊണ്ടോ അശക്തികൊണ്ടോ അവയെ വകവെയ്ക്കാതെയിരിക്കുന്നതിനാണു പലൎക്കും വാസന. ഇതുനിമിത്തം കാവ്യങ്ങളിൽ വേണ്ടവിധം രസാലങ്കാരാദികളെ ഭംഗിയായി നിവേശിപ്പിക്കുന്ന കാൎയ്യത്തിൽ അവൎക്കു ദയനീയമായ പരാജയം നേരിട്ടിരിക്കുന്നു. അനുബദ്ധപദങ്ങളുടെ പ്രയോഗവും വർദ്ധിച്ചുവരുന്നു. ദുഷ്ടശൈലികളുടെ നിലയും അതുതന്നെ. ചില ഉദാഹരണങ്ങൾകൊണ്ടു ഈ അഭിപ്രായം വ്യക്തമാക്കാം.

"തിരുവിതാംകൂറിന്റെ പ്രകൃതിവിലാസം അവളുടെ ഐശ്വൎയ്യത്തിന്നുകാരണമാകുന്നു" ഈ മാതിരിവാക്യങ്ങൾ ഇന്നു ഏതു പത്രമെടുത്തു് നോക്കിയാലും കാണാം. ഇംഗ്ലീഷുവ്യാകരണം അനുസരിച്ചു തിരുവിതാംകൂർ സ്ത്രീലിംഗപദമാണു്. എന്നാൽ മലയാളത്തിൽ അതിനെ നപുംസകലിംഗമായിട്ടത്രേ ഗണിക്കുന്നതു്. അതുകൊണ്ടു "അവളുടെ" എന്ന പദത്തിന്റെ സ്ഥാനത്തു "അതിന്റെ" എന്നു പ്രയോഗിക്കുന്നതു നന്നു്. "വൃക്ഷഃ" "പൎവ്വതഃ" മുതലായ (സംസ്കൃതപുല്ലിംഗ) പദങ്ങളെ "വൃക്ഷം" "പൎവ്വതം" എന്നാണല്ലോ ഭാഷയിൽ വ്യവഹരിക്കാറുള്ളതു്. "അതിന്റെ വെളിച്ചത്തിൽ" "ഇതിന്റെ വെളിച്ചത്തിൽ" എന്നവിധം പ്രയോഗം സൎവ്വസാധാരണമായിത്തീൎന്നിട്ടുണ്ടു്. പ്രകൃതത്തിൽ വെളിച്ചമെന്നു കേൾക്കുമ്പോൾ അൎത്ഥത്തിന്റെ യാതൊരു വെളിച്ചവും തനി മലയാളികൾക്കു ഉണ്ടാകുന്നില്ല. പുരസ്കരിക്കുക എന്ന സംസ്കൃതപദത്തിന്റെ സ്ഥാനത്താണു ഈ "വെളിച്ചം" ഉപയോഗിക്കുന്നതെന്നു തോന്നുന്നു. അതിന്റെ സ്ഥാനത്തു "പുരസ്കൃതി"മതിയാകും. "പുരസ്കൃതാ വൎത്മനി പാൎത്ഥിവേന" (രഘു.) ഇത്യാദി പ്രയോഗങ്ങൾ നോക്കുക. ഈ വെളിച്ചം ഒരു ഇറക്കുമതിച്ചരക്കാണു്. കരുണരസം എന്ന പദത്തിന്റെ സ്ഥാനത്തു വിഷാദാത്മകം എന്നു പ്രയോഗിച്ചുവരുന്നു. ശാസ്ത്രസമ്മതവും മഹാകവിപരമ്പരയാൽ അനുഗൃഹീതവും വിവക്ഷിതപ്രകാശനകുശലവും ആയ കരുണത്തിന്നു ഭ്രഷ്ടു കല്പിച്ചു തൽസ്ഥാനത്തു ശിരോവേഷ്ടനപ്രാണായാമരീതിയിൽ ദുൎബ്ബലമായ മറെറാരു പദം ഉപയോഗിക്കുന്ന നയം ശ്ലാഘ്യമല്ല. ശരിയാണെങ്കിൽ ശൃംഗാരാദിപദങ്ങൾക്കുപകരം "സ്ത്രീപുരുഷാന്യോന്യസ്നേഹാത്മകം" "സമരപ്രവൃത്തികൌതുകാത്മകം" എന്നിങ്ങനെയും പ്രയോഗിക്കാം. അശാസ്ത്രീയവും അനൎത്ഥവും വക്രവും ആയ ഈ മാതിരി പദപ്രയോഗം വൎജ്ജ്യം എന്നല്ലാതെ മറെറന്തു പറയും.?

മേധാധികാരി എന്ന അൎത്ഥത്തിൽ മേധാവി, നരകമനുഭവിക്കുക എന്ന അൎത്ഥത്തിൽ നരകിക്കുക, മദ്യപിക്കുക. (മദ്യപാനം ചെയ്യുക) എന്നിവയും ത്യാജ്യങ്ങളായ പദപ്രയോഗങ്ങളാണു്. "നരകി"ക്കുന്നതു്പോലെ ആരും "സ്വൎഗ്ഗിച്ചു"കാണാത്തതു ഭാഗ്യം. വിവക്ഷയ്ക്കു ഉപേക്ഷ പാടില്ല എന്നാൽ വിവക്ഷിക്കുന്നതു നന്നല്ലെന്നു തോന്നുന്നു. ബുഭുക്ഷിക്കുക, ചികിത്സിക്കുക എന്നിവയെപ്പോലെ വിവക്ഷിക്കുന്നതും അഭംഗിയായി അനുഭവപ്പെടുന്നു. ഈവക പദങ്ങളെ പരിത്യജിക്കുന്നതു നന്നായിരിക്കും.

ഭാഷയെ ശാസ്ത്രശൃംഖലകൊണ്ടു വരിഞ്ഞുകെട്ടിയിടുന്നതു നന്നല്ലെന്നു, അങ്ങിനെ ചെയ്യുന്നതുകൊണ്ടു പുരോഗതിയും സ്വാതന്ത്ര്യവും നഷ്ടപ്പെടുന്നു എന്നും അഭിപ്രായപ്പെടുന്നവരുണ്ടു്. കുഞ്ചൻനമ്പ്യാർ "പൂശക"നെന്നും ഉണ്ണായിവാരിയർ "പമിവ"യെന്നും പ്രയോഗിച്ചിരിക്കുന്ന സ്ഥിതിക്കു നമുക്കും എന്തുകൊണ്ടു അതുപോലെ പദങ്ങൾ ഉപയോഗിച്ചുകൂടാ എന്നു അവർ യുക്തിവാദം ചെയ്യുന്നു.

ശാസ്ത്രത്തെ ലംഘിച്ചു തോന്നുന്നതുപോലെ പദം പ്രയോഗിക്കുന്നതു ഒരു സ്വാതന്ത്ര്യമല്ല. ഈ നയം ഭാഷയെ അധഃപതിപ്പിക്കുകയേയുള്ളു. ഈ സ്വാതന്ത്ര്യവാദികൾ ആംഗലഭാഷയേയോ സംസ്കൃതത്തേയോ

# *പതാകാവന്ദനഗാനം.

(ശ്രീ. പി. കുഞ്ഞിരാമൻനായർ.)

(വഞ്ചിപ്പാട്ട്.)

നമസ്കാരം, നമസ്കാരം, നമസ്കാരം, ശതകോടി
നമസ്കാരം, നമസ്കാരം, നമസ്കാരമേ!
നമസ്കാരം ശുഭംബാധവിഹഗമേ, നമസ്കാരം,
നമസ്കാരം നവലോകവിളംബരമേ!
നമസ്കാരം, ഭരതോർവ്വീവിജയമേ നമസ്ക്കാരം,
നമസ്ക്കാരം ശുഭകർമ്മപരിപാകമേ!
കനകപ്പൂമലകളിൽക്കളിക്കുന്നൊരമരന്മാർ,
കണികാണും തവപാദകമലങ്ങളിൽ,
അഖിലവുംസമപ്പ്ണം കഴിച്ചിതാഭയഭക്തി
മുഖരിതഹൃദയങ്ങളണച്ചുവെച്ചു;
നമസ്ക്കാരം, നമസ്ക്കാരം, നമസ്ക്കാരം, ശതകോടി
നമസ്ക്കാരം, നമസ്ക്കാരം, നമസ്ക്കാരമേ!
ഇരുളിന്റെ പെരുംപടയൊഴിയുന്ന വിളംബര-
മരുളിമിന്നിടും നവമരുണവർണ്ണം
നവനിലാവലമിന്നിഗ്ഗഗനനിർഝരംചൂടും
ധവളമാം ഹിമഗിരിശൃംഗമിണങ്ങി
വിമലത വിഹരിക്കുമുദയമേ! നമസ്ക്കാരം,
നമസ്ക്കാരം, നവലോകവിളംബരമേ!
ശൃംഗമന്നിരഫനിടിലപ്പൂന്തിലകമാം
ശശിബിംബകലയൊട്ടുമശോകചക്രം,
നിഖിലബാന്ധവകരവരനിരയണിയുന്ന
നിടിലത്തിലഴകെട്ടുമെട്ടുത്തുചൂടി,
സമനിലപരത്തുംപൊൻപതക്കമേ നമസ്ക്കാരം,
നമസ്ക്കാരം മുരഹരവനമാല്യമേ!
നമസ്ക്കാരം, നമസ്ക്കാരം, നമസ്ക്കാരം, ശതകോടി
നമസ്ക്കാരം നമസ്ക്കാരം നമസ്ക്കാരമേ!
വിരിഞ്ഞുവന്തിനവനനസുമനിരചൊരിയുന്ന
ഹരിതമാം കൃക്ഷിക്ഷേത്രനിരമങ്ങി
ദുരിതത്തിൻ മുരട്ടുകളറുത്തുകൊണ്ടഭിനവ-
സ്വാതന്ത്ര്യതാതരുപെററ മണിത്തളിരേ,
നമസ്ക്കാരം, നമസ്ക്കാരം, നമസ്ക്കാരം, ശതകോടി
നമസ്ക്കാരം, നമസ്ക്കാരം, നമസ്ക്കാരമേ!
മധുരജീവിതഫലം സമമായിപ്പകുക്കുന്ന
മഹനീയമഹസ്സുതൻ മണിബിംബമേ,
അവനിയിലഹിംസതൻവിജയംകാട്ടുവാൻപര-
മവതാരമെടുത്തതാം നവശാരമേ,
നമസ്ക്കാരം, നമസ്ക്കാരം, നമസ്ക്കാരം, ശതകോടി
നമസ്ക്കാരം, നമസ്ക്കാരം, നമസ്ക്കാരമേ!
കടലലയൊത്തദിവ്യകരുണതൻ കിരണങ്ങൾ
ചൊരിയുന്ന ജഗന്മാതൃചരണംപോലെ,
വിതറുക, വിതറുക തെളികാന്തി; വിയത്തിൽ നീ
വിളങ്ങുക, വിരിഞ്ഞുവന്നും വിഭാതമായി!
നമസ്ക്കാരം, നമസ്ക്കാരം, നമസ്ക്കാരം, ശതകോടി
നമസ്ക്കാരം, നമസ്ക്കാരം, നമസ്ക്കാരമേ!!

—?o?—

* 1947 ആഗസ്റ്റ് 15-ാംനു-യിലെ സ്വാതന്ത്ര്യദിനപ്രഖ്യാപനത്തെപ്പററിയുള്ള ഈ മനോഹരഗാനം ഇതുവരെ "പാരിജാത"ത്തിൽ പ്രകാശിക്കാഞ്ഞതു് ഫയൽ മാറി ഇതു വെച്ചുപോയതു, ഈ അട്ടത്തകാലംവരെ കണ്ടുപിടിക്കുവാൻ സാധിക്കാഞ്ഞതുകൊണ്ടുമാകുന്നു.
പാ. പ.

ഉപയോഗിക്കുമ്പോൾ അവയിലെ വ്യാകരണവിധികളെയും ശൈലീരീതികളെയും കടുകിട തെററാതെ അനുസരിക്കുന്നു. അതിൽ ഒരു ലഘുവായ അബദ്ധം പററുന്നതുപോലും അപരാധമായും ആക്ഷേപമായും കരുതുന്നു. അപ്പോൾ സ്വാതന്ത്ര്യവാദം പുറപ്പെടുവിക്കുന്നില്ല. ഈ സ്ഥിതിക്കു പാവപ്പെട്ട മലയാളഭാഷയുടെ കാര്യത്തിൽ മാത്രം എന്തിന്നു ഇപ്രകാരം ഒരു ശാഠ്യം പിടിക്കുന്നു?

മഹാകവി കുഞ്ചൻനമ്പ്യാർ "പൂശക" പദം ഉപയോഗിച്ചിട്ടുണ്ടെന്നതു ശരിതന്നെ. നമ്പ്യാരുടെ കാലത്തും മുൻപും പിൻപും അനേകം കവികൾ ഉണ്ടായിട്ടുണ്ടെങ്കിലും അവരിലാരും ഇങ്ങനെയൊരു പദം പ്രയോഗിച്ചിട്ടില്ല ഈ കവിവര്യൻതന്നെ ചുരുക്കമായിട്ടേ അതു ഉപയോഗിച്ചിട്ടുള്ളു. ഇതിൽനിന്നു പൂശകപദം പണ്ഡിതസമ്മതമല്ലെന്നു ഗ്രഹിക്കാം. സരസ്വതീവിലാസഭാസുരനായ നമ്പ്യാർ, എന്തോ സന്ദർഭഭേദംകൊണ്ടു പ്രസ്തുത പദം ഉപയോഗിച്ചു എന്നും കവിയുടെ കവിതാകല്ലോലപ്രവാഹത്തിൽ അതു ഉദ്വേഗകരമായി അനുഭവപ്പെട്ടില്ലെന്നും ഉള്ള സംഗതി ആ മാതിരി പദങ്ങളെ ആവർത്തിക്കുന്നതിന്നു കാരണമായി വരുന്നതല്ല. ഉണ്ണായിവാരിയരുടെ "ചാമിവ" പ്രയോഗത്തിന്റെ നിലയും ഇതുതന്നെ. മഹാകവികൾക്കു ജന്മസിദ്ധങ്ങളായ ചില സ്വാതന്ത്ര്യങ്ങളുണ്ടു്. അവയെ അല്പന്മാർ കൈക്കൊള്ളുന്നതു അയുക്തമായിരിക്കും. വാല്മീകിരാമായണത്തിൽ കാണുന്ന ആർഷപ്രയോഗങ്ങളെ അന്യകവികൾ അനുകരിക്കുക പതിവില്ലല്ലൊ.

—!!o!!—

* സമസ്തകേരളപരിഷത്തു 20-ാമത്തെ സമ്മേളനത്തിൽ വായിച്ച അദ്ധ്യക്ഷപ്രസംഗത്തിൽനിന്നു്.

# സാഹിത്യകുശലൻ, ശ്രീ. ടി. കെ. കൃഷ്ണമേനോൻ.

## —അനുസ്മരണവും ആസ്വാദനവും—

[ശ്രീ കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്.]

ഇതിനിടെ ദിവംഗതനായ സാഹിത്യകുശലൻ, ശ്രീ. ടി. കെ കൃഷ്ണമേനോൻ ഭാഷാപോഷണവിഷയത്തിൽ അനേകസംവത്സരങ്ങളായി അശ്രാന്തപരിശ്രമം ചെയ്തിട്ടുള്ള ഒരു മഹാശയനാണെന്നുള്ളതിന്നു സംശയമില്ല വിശേഷിച്ച്, അദ്ദേഹം യുവസാഹിത്യകാരന്മാരെയും, ഭാഷാസ്നേഹികളായ ചെറുപ്പക്കാരെയും പ്രോത്സാഹിപ്പിക്കുന്നതിൽ ഉള്ളഴിഞ്ഞു ഉത്സുകത പ്രദർശിപ്പിച്ചിരുന്നു. പരേതന്റെ വാത്സല്യപൂർവ്വകമായ സദുപദേശങ്ങൾ ഇതെഴുതുന്ന ആൾക്കു പലനിലയിലും ഭാഷാസാഹിത്യപരിശ്രമത്തിന്നു സർവ്വോപരി സഹായകമായിട്ടുണ്ടു്. തന്മൂലം, ആ മഹാമനസ്കന്റെ ശാശ്വതമായ വേർപാടിൽ അദ്ദേഹത്തോടു് എന്നെന്നും കടപ്പെട്ടിട്ടുള്ള ഇയ്യുള്ളവന്നു് ഈ അവസരത്തിൽ അദ്ദേഹത്തിന്റെ മഹനീയങ്ങളായ ഗുണങ്ങളെ ആത്മാർത്ഥമായി അനുസ്മരിക്കാതിരിപ്പാനും, അഭിനന്ദിക്കാതിരിപ്പാനും നിവൃത്തിയില്ല.

തോട്ടയ്ക്കാട്ടു കുഞ്ഞികൃഷ്ണമേനോൻ അഥവാ ടി.. കെ. കൃഷ്ണമേനോൻ എന്ന പേർ ഭാഷാസാഹിത്യലോകത്തിൽ ഒരു ശാശ്വതസ്ഥാനം കൈക്കൊണ്ടിട്ടു ഏതാണ്ടു നാലു പന്തീരാണ്ടിലധികമായിരിക്കണം. ആ മഹാനുഭാവന്റെയും, അദ്ദേഹത്തിന്റെ സഹധർമ്മിണിയായ ശ്രീമതി (സാഹിത്യസഖി) ടി. സി. കല്യാണിഅമ്മയുടെയും പേരുകൾ, ഇതിനിടെ ജ്ഞാനവൃദ്ധനും, വയോവൃദ്ധനുമായ ശ്രീ. കുന്നേഴത്തു് പരമേശ്വരമേനോൻ പ്രസ്താവിച്ചതുപോലെ, വസിഷ്ഠന്റെയും അരുന്ധതിയുടെയും പേരുകൾപോലെ നമുക്കു പരിപാവനമായ സ്മരണയ്ക്കു പാത്രീഭവിച്ചിട്ടുള്ളവയാണ്. അപ്രകാരം യശസ്സിന്നും, ശ്രേയസ്സിന്നും വിളനിലങ്ങളായി പ്രശോഭിച്ചിരുന്ന ആ അനുഗൃഹീതദമ്പതിമാരുമായി ധാരാളം ഹൃദയപരിചയം നന്നെചെറുപ്പത്തിൽ തന്നെ എനിക്കു സിദ്ധിച്ചിരുന്നു. എന്നാൽ, അവരെ നേരിട്ടുകണ്ടു്, അവരുടെ അനുഗ്രഹവും, ഉപദേശവും വാങ്ങുവാൻ എനിക്കു അവസരം സിദ്ധിച്ചതു 1085 കന്നിമാസത്തിൽ വയ്ക്കത്തുവെച്ചു നടന്ന "ഭാഷാപോഷിണി" സഭാസമ്മേളനത്തിൽവെച്ചാണ്. "ഭാഷാപോഷിണി"സഭയുടെ അവസാനത്തെ അഥവാ "ഇങ്ങിനിവരാത്ത" യോഗമായിരുന്നു അതു്. കാരണം, അതിന്നുശേഷം പ്രസ്തുത സഭാസമ്മേളനം നടന്നിട്ടില്ല. ആ അവസാനസമ്മേളനം പക്ഷെ, എല്ലാനിലയിലും പ്രശംസാർഹമായിരുന്നുവെന്നു സമ്മതിച്ചേ കഴിയൂ. കഴിഞ്ഞുപോയ മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ എണ്ണത്തിലും വണ്ണത്തിലുമുള്ള അന്നത്തെ സകല സാഹിത്യനായകന്മാരും, സഹൃദയരും ഒന്നിച്ച് കേവലം ഭാഷാപോഷണാഭിലാഷത്തെ മുൻനിർത്തിക്കൊണ്ടുള്ള ഒരു യഥാർത്ഥസൌഹാർദ്ദസമ്മേളനമായിരുന്നു ആ മഹാസദസ്സെന്നുകൂടിപ്പറയേണ്ടിയിരിക്കുന്നു. സ്മര്യപുരുഷന്റെ ധർമ്മപത്നിയായ ശ്രീമതി കല്യാണിഅമ്മയുടെ ഒരു പ്രസംഗവും ആ സഭയിലുണ്ടായിരുന്നു. ആ പ്രസംഗം സ്തുത്യർഹമായിരുന്നുവെന്നു സദസ്യർ സശിരഃകമ്പം സമ്മതിക്കുകയുണ്ടായി. അദ്ധ്യക്ഷൻ തിരുമേനിയാകട്ടെ, ആ മനസ്വിനിയുടെ പ്രസംഗാനന്തരം, "പരസ്പരതപസ്സമ്പൽ"എന്നിത്യാദി സുപ്രസിദ്ധസംസ്കൃതപദ്യത്തിന്റെ അവസാനവരി "കല്യാണീകൃഷ്ണമേനവൌ" എന്നു മാററി ഭാഗ്യനിധികളായ ആ ദമ്പതിമാരെ ഉള്ളഴിഞ്ഞു ശ്ലാഘിച്ചതും, അനുഗ്രഹിച്ചതും എനിക്കു ഇന്നും സ്മൃതിപഥത്തിലുണ്ടു്. ആ ഘട്ടത്തിൽത്തന്നെയാണു, പരേതനായ സരസകവി, അഥവാ നിമിഷകവി, ശ്രീ. കെ. സി. നാരായണൻനമ്പ്യാർ—അദ്ദേഹം ഭാഷാപോഷിണിയുടെ ജോയിന്റു സിക്രട്ടരികൂടെയായിരുന്നു—ശ്രീമതി കല്യാണിഅമ്മയെ അനുമോദിച്ചുകൊണ്ടു പെട്ടെന്നു

"ശ്രീസീമാതീതവിദ്യാവിമലതരപരി-
ഷ്കാരസാരാദിയേന്തും
ടീ. സീ. കല്യാണിയമ്മേ! കുശല,മിഹഭവ-
ദ്വാഗ്വിശേഷപ്രകാശം
കെ. സീ. നാരായണൻവാക്പെരുമഴചൊരിയും
നമ്പിയാർ തൊട്ടിവണ്ണം

ക്രസീദാത്തുള്ള കൂട്ടക്ക്കമലങ്ങളെളി-
ഞ്ഞൊത്തുവാൻ ഹേതുവായി”

എന്ന പദ്യം ഉണ്ടാക്കിച്ചൊല്ലി സഭാവാസികളെ ഒട്ടാകെ ആനന്ദതുന്ദിലരാക്കിയത്. സഭയുടെ ആഭിമുഖ്യത്തിൽ സാഹിത്യത്തെസംബന്ധിച്ച പല മത്സരപരീക്ഷകളും, വിശേഷിച്ച് ഒരു ദ്രുതകവനപരീക്ഷയും നടക്കുകയുണ്ടായി. ആ ദ്രുതകവനപരീക്ഷയിൽ, ഭാഗ്യവശാൽ കേവലം യുവാവായിരുന്ന എനിക്കാണു (അന്നെനിക്ക് 18 വയസ്സിലധികമായിട്ടില്ല) ഒന്നാംസമ്മാനം ലഭിച്ചത്. കൊടുങ്ങല്ലൂർ ഭഗവതിയുടെയും, എന്റെ അഭിവന്ദ്യഗുരുവായ മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെയും മററും അനുഗ്രഹത്താൽ മാത്രം, കവനവിഷയത്തിൽ കേവലം അപടുവായിരുന്ന ഞാൻ സമ്മാനാർഹനായതിനെ പുരസ്കരിച്ച് അദ്ധ്യക്ഷൻ തിരുമേനി, എനിക്കു സമ്മാനം തന്നപ്പോൾ, വാത്സല്യപൂർവ്വംതന്ന സദുപദേശം ഇന്നും എന്റെ ഹൃദയഭിത്തിയിൽ എഴുതപ്പെട്ടിട്ടുള്ളപോലെ വ്യക്തമായി നിലകൊള്ളുന്നുണ്ട്. അന്നുതന്നേയാണ്, എനിക്കു “തേടിയ വള്ളി കാലിൽ തടഞ്ഞപോലെ” ആ യഥാർത്ഥഭാഷാസാഹിത്യനായകനായ സ്തുത്യപുരുഷന്റെ പരിചയംസമ്പാദിപ്പാനും, അദ്ദേഹത്തിന്റെ ആത്മാർത്ഥമായ വാത്സല്യം തുളുമ്പുന്ന ഉപദേശാമൃതംകൊണ്ടു കേവലം സാഹിത്യവാസന പുറപ്പെടുവിക്കുവാൻ സരസ്വതീകാരുണ്യത്തെ അവലംബിച്ചിരുന്ന എന്റെ ഹൃദയവല്ലരിയെ പ്രത്യേകം പരിപോഷിപ്പിക്കുവാനിടവന്നതും. ആ മഹാമനസ്കൻ—സ്വതവേ വിനയാനതനാണദ്ദേഹം, “നിറഞ്ഞകുടം തുളുമ്പാറില്ലല്ലൊ”—എന്നെ തന്റെ അരികെ വിളിച്ചിരുത്തി അരമണിക്കൂറിലധികം സമയം എനിക്കു സാഹിത്യത്തെ സംബന്ധിച്ചുതന്ന പ്രോത്സാഹനജനകമായ ഉപദേശഭേഷജം, വാസ്തവത്തിൽ എനിക്കുണ്ടായിരുന്ന [സാഹിത്യവിഷയത്തിൽ] ചില ന്യൂനതകൾ തീരെ പരിഹരിക്കപ്പെടുവാനും, പ്രത്യേകിച്ച് എനിക്കു കവനവിഷയത്തിൽ പതിന്മടങ്ങു ഉത്സാഹം വർദ്ധിക്കുവാനുമിടയാക്കി. അദ്ദേഹത്തിന്റെ സഹധർമ്മിണിയായ “സാഹിത്യസഖി”യും അന്നു എന്നെ കേവലം മാതൃനിർവ്വിശേഷമായ വാത്സല്യത്തോടുകൂടി അനുഗ്രഹിക്കുകയുണ്ടായി. ആ സുദിനത്തെ അഥവാ ആ സുവർണ്ണാവസരത്തെപ്പററി ഞാൻ അന്നുമുതൽ ഇന്നേവരെ ദിവസത്തിലൊരിക്കലെങ്കിലും അനുസ്മരിക്കാറുണ്ട്. ഭാഷാപോഷണാഭിലാഷത്തിൽ അത്യുത്സുകത പ്രദർശിപ്പിച്ചിരുന്ന അന്നത്തെ സുപ്രസിദ്ധ സാഹിത്യനായകന്മാരുടെ കൂട്ടത്തിൽ പരേതന്നു മുഖ്യമായ ഒരു സ്ഥാനമുണ്ടെന്നു അതുകൊണ്ടെല്ലാം എനിക്കു നിസ്സംശയം പ്രഖ്യാപിക്കുവാൻ കഴിയും.

സ്തുത്യപുരുഷനെ ഞാൻ പിന്നീട് പലപ്പോഴും എറണാകുളത്തുള്ള അദ്ദേഹത്തിന്റെ വസതിയായ “കുമാരാലയ”ത്തിൽച്ചെന്നു ഭക്തിപൂർവ്വംസന്ദർശിച്ചു പ്രോത്സാഹനജനകങ്ങളായ പല ഉപദേശങ്ങളും വാങ്ങിയിട്ടുണ്ട്. ആ അവസരങ്ങളിലും ഉദാരമതിയും, ഉത്തമഭാഷാപ്രണയിനിയുമായ ശ്രീമതി കല്യാണിഅമ്മയും എന്നെ സാനുകമ്പം അനുഗ്രഹിക്കുകതന്നെ ചെയ്തിട്ടുമുണ്ട്. അദ്ദേഹത്തിന്റെ സാഹിത്യവിഷയകമായ സംസാരം മിക്കവാറും ഭാഷാപോഷണാഭിലാഷത്തെ മുൻനിർത്തിക്കൊണ്ടുള്ള മികച്ച തത്വങ്ങൾതന്നേയായിരുന്നു. പഴയകവികൾ, പഴയകൃതികൾ മുതലായവയെപ്പററി നമുക്കു സുദൃഢമായ അറിവുണ്ടാകേണ്ടതു് ഭാഷാപോഷണത്തിന്നു അത്യാവശ്യമാണെന്നും, “തലമറന്നു എണ്ണതേക്കാതെ,” പൂർവ്വസാഹിത്യകാരന്മാരുടെ പൂജ്യമായ ചവിട്ടടിയിൽക്കൂടിത്തന്നെ നാം സഞ്ചരിക്കേണമെന്നും, പുരാതനവസ്തുക്കളെസംബന്ധിച്ചുള്ള ഗവേഷണത്തിൽ നാം സർവ്വഥാ ഉത്സുകരായിരിക്കേണമെന്നും അദ്ദേഹം എന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ട്. ആ ഘട്ടങ്ങളിലെല്ലാം പത്രപ്രവർത്തനംകൊണ്ടു ഭാഷയ്ക്കും, വിശിഷ്യ നാട്ടിന്നുമുള്ള ഉപകാരത്തെ പുരസ്കരിച്ചും, പണ്ടത്തെ ഉത്തമമലയാളമാസികയായ “വിദ്യാവിനോദിനി”യുടെ പത്രാധിപർക്കൂടിയായിരുന്നിട്ടുള്ള അദ്ദേഹം എന്നോടു ഊന്നിപ്പറയുകതന്നെ ചെയ്തിരുന്നു.

“കേരളവ്യാസ”നെന്നപേരിൽ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ സ്മാരകമായി കൊടുങ്ങല്ലൂർനിന്നു ഇയ്യുള്ളവനും, പരേതനായ സരസകവി ശ്രീ. റന്ത്യേലത്തു പത്മനാഭമേനോനുംകൂടി നടത്തിയിരുന്ന മലയാളമാസികയ്ക്കു സ്തുത്യപുരുഷൻ കർമ്മവാക്കായങ്ങളാൽ ചെയ്തിട്ടുള്ള ഗണ്യമായ സഹായത്തെ ഞാൻ എപ്പോഴും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കാറുണ്ട്. മാസികയുടെ നടത്തിപ്പിലും മററും അദ്ദേഹം അന്നുതന്നിട്ടുള്ള അനുകമ്പാപൂർവ്വകമായ ഉപദേശങ്ങളാണു കാലക്രമത്തിൽ പത്രങ്ങളും മാസികകളും ഒരു വിധത്തിലെങ്കിലും നടത്തിക്കൊണ്ടുപോകുവാൻ എനിക്കു ഉള്ളുറപ്പും, ഉത്സാഹവുമുണ്ടാക്കിത്തീർത്തതെന്നുള്ള സംഗതി ഒരിക്കലും ഒളിച്ചുവെയ്ക്കത്തക്കതല്ല.

ഇരിഞ്ഞാലക്കുടെനിന്നു പുറപ്പെട്ടിരുന്ന "സദ്ഗുരു"വെന്ന മലയാളമാസികയുടെ നടത്തിപ്പിൽ എനിക്കും ഒരു പങ്കുണ്ടായിരുന്നു. അക്കാലത്തും അദ്ദേഹം വാത്സല്യപൂർവ്വം തന്നിട്ടുള്ള ഉപദേശങ്ങൾക്കു കയ്യുംകണക്കുമില്ല. ഞങ്ങൾതമ്മിൽ കാണ്മാനിടയായാൽ അദ്ദേഹം കേവലം ആവേശഭരിതനായി സാഹിത്യപരമായ സരസഗംഭീരസംഭാഷണം തുടങ്ങുക പതിവായിരുന്നു. ആ കാലഘട്ടങ്ങളിലെല്ലാം അദ്ദേഹത്തെ കാണ്മാൻ എന്റെ ഹൃദയം വാസ്തവത്തിൽ അത്യാശയോടെ വെമ്പുകതന്നെ ചെയ്തിരുന്നു.

ഞാൻ കോഴിക്കോട്ടു "മിതവാദി"യുടെ സഹപത്രാധിപരും, "കേരളപത്രിക"യുടെ [1924-25 ഇക്കാലത്തു അതിന്നുശേഷവും] അധിപരുമായിരുന്ന കാലത്തും അദ്ദേഹത്തെ കാണ്മാനും പത്രപ്രവർത്തനവിഷയത്തിൽ ഏറ്റവും ആവശ്യമായ പല ഉപദേശങ്ങളും, ഗവേഷണവിഷയത്തിൽ പല വിവരങ്ങളും സമ്പാദിപ്പാനും എനിക്കു സാധിച്ചിട്ടുണ്ട്. ഭാഷാസാഹിത്യപരമായ സംഭാഷണം തുടങ്ങിയാൽ അതു് അവസാനംവരെ മുടങ്ങാതെ ഭംഗിയായി നിറവേറുവാൻ ശാന്തനും, സരസ്വതീഭക്തനുമായ അദ്ദേഹത്തിന്റെ മാധുര്യമേറിയനാക്കിന്നുള്ള സാമർത്ഥ്യം ഒന്നു വേറെതന്നെയാണ്. അമൂല്യങ്ങളായ ആവക ഉപദേശരത്നങ്ങൾ സമ്പാദിപ്പാനായി ചിലപ്പോൾ കോഴിക്കോട്ടുനിന്നു എറണാകുളംവരെപ്പോയി ആ സാഹിത്യരത്നാകരത്തെ ഞാൻ സമീപിക്കുകകൂടിയുണ്ടായിട്ടുണ്ട്.

അദ്ദേഹവും ഞാനുമായി പിന്നീടു അധികസമയം സംഭാഷണംചെയ്തു കൂടുവാൻ സന്ദർഭമുണ്ടായിട്ടുള്ളതു രണ്ടുമൂന്നു "സമസ്തകേരളസാഹിത്യപരിഷത്സമ്മേളന"ങ്ങളിൽവെച്ചാണ്. തൃശ്ശിവപേരൂർവെച്ചു നടന്ന കെങ്കേമമായ ദ്വിതീയസമ്മേളനത്തിൽ [പരിഷത്തിന്റെ] വെച്ചാണ് അദ്ദേഹം ഏറ്റവുംസാരതരവും ഗൌരവാവഹവുമായ ഒരു സദുപദേശം എനിക്കു തന്നതു്. പരിഷത്സമ്മേളനകാര്യപരിപാടിയിലെ ചില സംഗതികൾ സംബന്ധിച്ചു് അന്നു ചെറുപ്പക്കാരെന്നു പറയാവുന്ന ഞങ്ങളിൽ ചിലരെ അദ്ദേഹം "എടുത്തുചാട്ട"ത്തിന്നിടയാക്കാതെ സമാധാനിപ്പിച്ചു അടക്കിയൊതുക്കിയിരുത്തിയതോർക്കുമ്പോൾ അദ്ദേഹത്തിന്റെ വിനയവും, നയവും, സമാധാനപരിപാലനപ്രസക്തിയും പ്രത്യേകിച്ചും ശ്ലാഘ്യമാണ്. അവസരംകിട്ടുമ്പോളെല്ലാം ഒരുക്കത്തോടും, വാത്സല്യത്തോടുംകൂടി സ്വതവേ മധുരമയമായ തന്റെ വചോവിലാസത്താൽ അസ്മാദൃശരുടെ അവിവേകാന്ധ്യം ദൂരീകരിക്കുവാൻ ഭാഷാസാഹിത്യനഭോമണ്ഡലത്തിലെ ആ ഉജ്ജ്വലതേജഃപുഞ്ജത്തിന്നു നിഷ്പ്രയാസം സാധിച്ചിരുന്നു. നേരിട്ടു കാണ്മാനിടവരാത്ത ഘട്ടങ്ങളിൽ കത്തുമൂലം ഞാൻ അദ്ദേഹത്തിന്റെ സദുപദേശം പല കാര്യങ്ങളിലും കൈപ്പറ്റിയിട്ടുണ്ട്. ആവക സാരോപദേശസമ്പൂർണ്ണങ്ങളായ കത്തുകൾ ഭംഗിയേറിയ അക്ഷരവടിവാലും മറ്റും ഏറ്റവും മനോഹരങ്ങളാകയാൽ, അവയിൽ മിക്കവയും ഭാഷാസാഹിത്യഭണ്ഡാരത്തിലേയ്ക്കു മുതൽക്കൂട്ടുവാൻ തക്ക ശാശ്വതരേഖകളായിപ്പരിഗണിക്കാവുന്നതാണ്.

അടുത്തകാലത്തു് "പാരിജാതം"മാസിക തുടങ്ങുവാൻ ആലോചിച്ചു് അതിനെസംബന്ധിച്ചുള്ള അഭിപ്രായമറിയുവാൻ ഞാൻ അദ്ദേഹത്തിന്നയച്ച കത്തിന്നു്, ആ മഹാശയൻ സദയം തന്ന മറുപടി ഇപ്രകാരമാകുന്നു:- "ഇപ്പോൾ പഴമക്കാരായ സാഹിത്യകാരന്മാരേയും, അവരുടെ അപദാനങ്ങളേയുംപറ്റി പ്രതിപാദിക്കുന്ന മലയാളമാസികകൾ ഒന്നുമില്ലെന്നുതന്നെ പറയാറായിരിക്കുന്നു. നിങ്ങൾ ഒരു നല്ല മലയാളമാസിക തുടങ്ങുകയാണെങ്കിൽ, മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ തുടങ്ങിയ പരേതരായ മഹാശയന്മാരുടെ അനുഗ്രഹത്താൽ നിങ്ങൾക്കു വിജയം സിദ്ധിക്കും. ഞാൻ നിങ്ങളുടെ മാസികയ്ക്കു എല്ലാനിലയിലുമുള്ള സഹായവും ചെയ്യുവാൻ സന്നദ്ധനാണ്. പക്ഷെ, ഞാൻ വയോവൃദ്ധനാകയാൽ പണ്ടത്തെ നിലയിലൊന്നും ആവില്ല. അതേ വ്യസനമുള്ളൂ. എന്നെപ്പോലെതന്നെ കല്യാണിയും നിങ്ങളുടെ പരിശ്രമത്തിൽ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. "പാരിജാതം" തുടങ്ങിയാൽ ആദ്യലക്കംതന്നെ എനിക്കു 1 കൊല്ലത്തെ വരിസംഖ്യ ചുമത്തി വി. പി. യായി അയച്ചുതരിക മറ്റു പല സഹായങ്ങളും എന്നിൽനിന്നു പ്രതീക്ഷിക്കാം."

മേലുദ്ധരിച്ച കത്തു് എന്നെ എത്രമാത്രം കൃതാർത്ഥനാക്കിയിരിക്കുമെന്നു ഞാൻ ഇവിടെ എടുത്തുപറയാതെതന്നെ ആർക്കും അനുമാനിക്കാമല്ലോ. അദ്ദേഹമാകട്ടെ, തന്റെ വാഗ്ദാനം അക്ഷരംപ്രതി ഫലപ്രദമാക്കണമെന്ന നിശ്ചയത്തിന്മേൽ എനിക്കു പിന്നീടും പല നിലയിലുള്ള സഹായങ്ങളുംചെയ്തു തരികയുണ്ടായി. മാസത്തിലൊരിക്കൽ "പാരിജാത"ത്തിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു ഉപദേശരൂപത്തിൽ ഓരോ കത്തു തന്നെ എനിക്കദ്ദേഹം അയച്ചിരുന്നു. വിശേഷിച്ചു്, അദ്ദേഹം എഴുതിക്കൊണ്ടിരുന്ന ഗവേഷണപരങ്ങളാ

# ശ്രീ നാരായണഗുരുദേവൻ.

[ശ്രീ. എം. ആർ. കൃഷ്ണവാര്യർ, ബി. ഏ, എൽ. ടി.]

—*തുടർച്ച*—

സന്ന്യാസി ചട്ടം പിഴയ്ക്കാത്തഹൃദ്യ-
പ്രസന്നാസ്യനാം സ്വാമി "ചട്ടമ്പി" ദേവൻ
സ്വസംഗത്തിനാൽ ബാലനദ്ധ്യാത്മലീലാ-
രസാസ്വാദനേച്ഛയ്ക്കുനന്നൂച്ചകുട്ടി. 17

നരശ്രേഷ്ഠനാരായണന്മാരുരസ്സാ-
ട്ടുരസ്സാട്ടചേന്നാശ്രുനിന്നാശ്രമത്തിൽ,
പരബ്രഹ്മതേജസ്സനന്താഖ്യമാം ശ്രീ
പുരത്തിൽ പ്രകാശിച്ചുകണ്ടു ജനങ്ങൾ. 18

ദ്വിപശ്രേഷ്ഠനെക്കണ്ടുവീണ്ടും പിരിഞ്ഞ-
ദ്വിപശ്രീകുമാരൻ, മറക്കാടിനുള്ളിൽ
വിപൽഭീതിയെന്യേ ചരിച്ചു, ഗജേന്ദ്ര
പ്രപന്നാത്മമോക്ഷം പ്രസിദ്ധികരിപ്പാൻ. 19

പുനർദർശനത്തിൽ ഭവാൻ പൂർണ്ണവിദ്യാ-
മനഃപാകതയ്ക്കുഗ്രദൃഷ്ടാന്തമായി
ജനങ്ങൾക്കു കാണായി, നീണ്ടാളു പിന്നീ-
ടനന്യാത്മസംസ്കാരമാർജ്ജിച്ചുവാണു. 20

മഹായോഗിയേപ്പോലെ, യേറെക്കുറേനാൾ
ഗൃഹാവാസമാരും ഗ്രഹിക്കാതിരിക്കാൻ,
വിഹായസ്സിലെങ്ങോ മറഞ്ഞൂ ഭവാൻ, ത്വ-
ദ്വിഹാരങ്ങളാശ്ചര്യമാശ്ചര്യമോർത്താൽ. 21

ദരിദ്രാർത്തദീനാവനാർത്ഥം ദയാർദ്രം
പരിവ്രാജകത്വം ഭവാൻ സ്വീകരിച്ചു;
ഹരിദ്വാരമോളം ഗമിച്ചു; വിശേഷി-
ച്ചരിപ്പാട്ടിലും സഞ്ചരിച്ചായിരിക്കാം. 22

---

യ ചില ഗൌരവമേറിയ ലേഖനപരമ്പരകൾകൂടി അല്പജ്ഞനായ എന്റെ അഭിപ്രായത്തിന്നായി അദ്ദേഹം എനിക്കു അയച്ചുതരികയുണ്ടായിട്ടുണ്ട്. അതുകൊണ്ടൊക്കെ നമുക്കു അദ്ദേഹത്തിന്റെ വിനയാദിഗുണഗണങ്ങളെ നിസ്സംശയം മനസ്സിലാക്കാമല്ലൊ. "പാരിജാത"ത്തിൽ പഴയ കവികളുടെ കൃതികൾ കഴിയുന്നതും പ്രസിദ്ധപ്പെടുത്തുന്നതു ഭാഷാപോഷണത്തെ സംബന്ധിച്ചേടത്തോളം വലിയ ഒരു ഉപയോഗമായിരിക്കുമെന്നു ഉപദേശിച്ചു ആ വിഷയത്തിൽ എന്നെ ഉത്സുകനാക്കിയവരിൽ പ്രഥമഗണനീയൻ അദ്ദേഹമാണ്. എന്തിന്നധികം പറയുന്നു? അദ്ദേഹത്തിന്റെ ശാശ്വതമായ ദേഹവിയോഗത്തിന്നു ഏതാണ്ടു രണ്ടാഴ്ച മുമ്പുകൂടി അദ്ദേഹം "പാരിജാത"ത്തിന്റെ വളർച്ചയെ ആസ്പദമാക്കി എനിക്കു കത്തയച്ചിരുന്നു. ഞാനും അതിന്നു തക്ക മറുപടി അയയ്ക്കുകയും, എന്റെ എളിയ സാഹിത്യപരിശ്രമങ്ങളിൽ അദ്ദേഹത്തിന്റെ വലിയ സഹായം കാര്യമായി പരിഗണിക്കുകയും ചെയ്തിരുന്നു. അപ്പോഴെയ്ക്കും

"ദൈവഗതിക്കഥവാ ഭവനേസ്മിൻ
നൈവ കവാടനിരോധമൊരേടം"

എന്ന കവിവാക്യാനുസാരണം അദ്ദേഹത്തിന്റെ ചരമവർത്തമാനം "ഝടിതിഹഠാൽതടിന്നിപാത" മെന്നപോലെ എന്നെ അത്യന്തം വ്യാകുലപ്പെടുത്തുകയാണു ചെയ്തിട്ടുള്ളതു്.

പഴക്കം, പരിചയം, പഠിപ്പ്, ഭക്തി, കൃത്യനിഷ്ഠ, വിനയം മുതലായവയ്ക്കുള്ള വിളനിലമായ ഒരുത്തമഭാഷാസാഹിത്യനായകനാണ് നമുക്കു അദ്ദേഹത്തിന്റെ ശാശ്വതമായ വേർപാടാൽ നഷ്ടമായിട്ടുള്ളതു്. വാസ്തവത്തിൽ, ഭാഷാസാഹിത്യലോകത്തിലെ ഭീഷ്മരെന്നനിലയിൽ പരിപക്വമതിയായ അദ്ദേഹത്തെ ഞാൻ എപ്പോഴും മനസാ ആരാധിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭാവത്തിൽ പൊതുവിൽ ഭാഷാസാഹിത്യത്തിന്നു വന്നുകൂടിയ നഷ്ടം ഇനി എങ്ങിനെ തീരുമെന്നു എനിക്കു സമർത്ഥിക്കുവാൻ സാദ്ധ്യമല്ല. "പാരിജാത"ത്തിന്നു പ്രത്യേകിച്ചും അദ്ദേഹത്തിന്റെ വേർപാടു കഠിനമായ സങ്കടവും നഷ്ടവുമാണുണ്ടാക്കിത്തീർത്തിട്ടുള്ളതു്. ഏതായാലും ഈ അവസരത്തിൽ ഇനി അദ്ദേഹത്തിന്റെ പുണ്യാത്മാവിന്നു നിത്യശാന്തി നേരുകയേ നമുക്കു ഗത്യന്തരമുള്ളൂ.

സ്വരാജ്യത്തയിത്തപ്പിശാചിന്റെ ഘോര-
സ്വരാഭാസഹാസംമുഴങ്ങുന്നനാട്ടിൽ,
ദുരാചാരസംഹാരകൻ സ്വാമി ദൂരം
ചരാകാംക്ഷമാറിത്തിരിച്ചെത്തിവീട്ടിൽ. 23

സ്വമാതാപിതാക്കൾക്കു, തൽക്കാലമന്ത്യ-
ക്രമാവശ്യസൽക്കർമ്മധർമ്മങ്ങൾചെയ്തു;
സമാശ്വാസവിശ്വാസപൂർവ്വം, ഭവാനാ-
ഗമാദൃക്കതപൈത്രാധമർണ്യത്തെനീക്കി. 24

വരിഷ്ഠാശ്രമാം വർക്കലക്കുന്നിൽ, വിശ്വം
വരിച്ചാദരിക്കേണ്ടൊരദ്ധ്യാത്മദീപം
ശരിക്കാശ്രുകത്തിച്ചു, ശശ്വൽപ്രകാശം
സ്ഫുരിപ്പിച്ചയോഗീന്ദ്ര, വന്ദിച്ചിടുന്നേൻ!. 25

സദാദ്ധ്യാത്മസംസ്കാരസംഭാഷണത്താൽ
സദാചാരസൌവർണ്ണസൌഭ്രാത്രകാവ്യം
സദാസ്തിക്യപൂർവ്വംരചിച്ചാത്മസച്ചിൽ-
സദാനന്ദമൂർത്തേ! തൊഴുന്നേൻ, തൊഴുന്നേൻ! 26

ശ്രുതിക്കൊത്തദേവന്റെ സന്ദേശശംഖ-
പ്രതിദ്ധ്വാനമെത്താത്തപുണ്യസ്ഥലങ്ങൾ,
ക്ഷിതിക്കുള്ളിലില്ലെന്നുചൊല്ലാം;ത്വദീയ-
ശ്രുതിക്കായുഗാന്തം ക്ഷതിക്കില്ലയോഗം. 27

"സ്വവർഗ്ഗംമനുഷ്യന്റെവർഗ്ഗം, വൃഥാ നാം
അവർണ്ണം-സവർണ്ണം വിഭാഗങ്ങൾകാണ്മൂ,"
ഇവണ്ണം കഥിച്ചു ഭവാൻ, "ഈ ജഗത്തിൽ
ത്രിവർഗ്ഗങ്ങൾ മാർഗ്ഗങ്ങൾ മോക്ഷം പ്രതീക്ഷ്യം." 28

"മതംപേരിലേതാകിലെന്താണഹോ! നാ-
മതംഗീകരിച്ചാൽ, മനുഷ്യത്വമുള്ളിൽ
അതുൾപ്രകാശിക്കുമെന്നാ,ലതത്രേ
മതം, സമ്മതം, ശർമ്മദം, കർമ്മയോഗം." 29

"സജാതീയരേയും വിജാതീയരേയും
സ്വജാതീയരായിസ്സമീക്ഷിക്കണം നാം;
നിജാത്മാവുനിത്യം നിരീഹം, സമസ്ത-
പ്രജാചക്രവാളത്തെയുൾക്കൊൾവതല്ലോ." 30

ക്ഷണഗ്രാഹ്യതത്വങ്ങളിത്യാദി സാധാ-
രണക്കാർക്കു തത്വാത്മബോധംജനിക്കാൻ
ഉണർത്തുന്നുലോം; തൽഫലം, ശിഷ്യശിഷ്യാ-
ഗണവ്യാപ്തി സാക്ഷീകരിക്കുന്നിതിപ്പോൾ. 31

തവപ്രേരണാമൂലമുണ്ടായനാനാ
നവപ്രേക്ഷണീയപ്രപാസ്ഥാപനങ്ങൾ,
അവശ്യംമനഃകായദാഹം മരുക്ഷ്മാ-
ഭരാക്രാന്തപാന്ഥർക്കു ദൂരീകരിച്ചു. 32

പ്രകാമേതിഹാസപ്രസിദ്ധാശ്രമായി
പ്രകാശിച്ചിടുംവർക്കലപ്പുണ്യഭൂവിൽ,
വികാരം നിയന്ത്രിച്ചുമറ്റുള്ളതെല്ലാം
വികാസംഭവാൻ മാതൃഭക്തിക്കുചേർത്തു. 33

സ്വതസ്സിദ്ധപുണ്യാംബുവാച്ചുംപ്രദേശ-
ത്തതുൾഭവദ്ധന്യസാന്നിദ്ധ്യതീർത്ഥം,
അതശ്ശ്ലേഷമാത്മാതുരർക്കാത്മശാന്തി-
വ്രതസ്ഥാനഘട്ടം തെളിച്ചുവിശേഷാൽ. 34

അധർമ്മാഭിമർശത്തിനാലെത്രയോപേര-
രധസ്സമ്പ്രദായത്തിലേറിക്കിടന്നു?
സ്വധർമ്മോപദേശംവഴിക്കങ്ങവർക്കും
സുധർമ്മാപ്രവേശം സുഖപ്രാപ്യമാക്കി. 35

തവാഘോഷസിംഹാരവാഘട്ടനത്താ-
ലവാഗ്വർണ്ണസങ്കേതദേവാലയങ്ങൾ,
കവാടം തുറന്നു, കരാളാപകർഷ-
പ്രവാദങ്ങളെല്ലാം പ്രവേശിച്ചുകാട്ടിൽ. 36

നവാദർശമായുള്ള സമ്മിശ്രസമ്യ-
ഗ്വിവാഹങ്ങളും കാണുമാറായിതല്ലോ;
തവാനുഗ്രഹങ്ങൾക്കു വേണ്ടിത്തൊഴുന്നു,
ദിവാരാത്രമീഞ്ഞങ്ങൾ വീണ്ടും തൊഴുന്നു! 37

സമാരാധനസ്പർഹനായ്ത്തീർന്നവല്ലോ,
സമാധിക്കുമുമ്പേ ഭവാൻ സത്യരൂപൻ;
സമാകർഷണംചെയ്തുവർക്കാത്മസർവ്വ-
സ്വമാകുന്നമകീലയോ സംസ്പദിപ്പാൻ? 38

ജനാരാദ്ധ്യനാരായണ, ബ്രഹ്മവിദ്യാ-
വനാന്തസ്ഫുരൽസിംഹലാസ്യ, പ്രസന്ന,
അനാചാരവിദ്ധ്വംസക, ശ്രീതപസ്യാ-
ധനാദ്ധ്യക്ഷ, ത്വൽപ്പാദപത്മം തൊഴുന്നേൻ!. 39



UNIVERSITY LIBRARY

# രാമായണം.

(ശ്രീ ഏട്ടേടത്ത് ഗോപാലമേനോൻ, ബി. എ, എൽ. ടി)

## II

രാമൻ രഘുപുംഗവനായിട്ടാണു ജനിച്ചതു്. രഘുപുംഗവൻ എന്നാൽ രഘുവംശത്തിൻെറ ജീവൻ എന്നാണു് അൎത്ഥം. ജീവൻ ശരീരത്തിലെല്ലാം എങ്ങിനെ വ്യാപിച്ചിരിക്കുന്നുവൊ അതുപൊലെ രാമചൈതന്യവും രഘുവംശത്തിൽ പരന്നു പ്രകാശിക്കുകയും അതിലെ ഏതു വ്യക്തിക്കും മുക്തിപരമായ പുരോഗതിയെ നിയന്ത്രിക്കുകയും ചെയ്തു. തൻെറ ജീവിതംതന്നെ മുക്തിപരമായ സ്വയംഗതിയെയാണു കുറിക്കുന്നതു്. ഓരൊ സംഭവവും അതിലെ ഓരൊ നാഴികക്കല്ലുതന്നെ ആയിരിക്കുന്നു.

ഒന്നാമത്തെ വിശേഷസംഭവമാണു് വിശ്വാമിത്രമഹൎഷിയുടെ ആഗമനം. രാമാവതാരം സഫലമാവാൻ "പഴഞ്ചൻ"വസിഷ്ഠരുടെ ശിഷ്യത്വംപോരാ; ഒരു ക്ഷത്രിയന്നു വേണ്ട പാഠം മാത്രമല്ല രാമന്നു ആവശ്യം; നിത്യമുക്തനായ ഭഗവാൻെറ ഉള്ളിൽ ശരീരംമൂലം മറഞ്ഞുകിടന്നിരുന്ന അദ്ധ്യാത്മികചൈതന്യം ഉണൎത്തിവിടുക അത്യാവശ്യമായിരുന്നു. അതിന്നു വിശ്വാമിത്രനെക്കാൾ പ്രാപ്തനാരാണുള്ളതു്? അദ്ദേഹം വിശ്വത്തിൻെറ അമിത്രൻതന്നെയായിരുന്നു. വിശ്വം എന്നതു സംസാരം, അഥവാ സംസാരസുഖമാണു്. അതിൽ തീവ്രവൈരാഗ്യം സാധിച്ചതുകൊണ്ടാണു് വിശ്വാമിത്രൻ എന്ന ആ പേര്തന്നെ കിട്ടിയതു്. പരിഷ്കാരഭ്രമംനിറഞ്ഞ പട്ടണത്തിൽനിന്നു പ്രകൃതിരമണീയമായ വനലക്ഷ്മിയിൽ ചൊട്ടയിൽതന്നെ രാമന്നു ഒരു ഭ്രമം വരുത്തുവാനാണു് വിശ്വാമിത്രൻ വന്നതു്. വസിഷ്ഠൻെറ അനുക്രൂല്യത്തോടുകൂടി രാമലക്ഷ്മണന്മാരെ വിശ്വാമിത്രൻ തൻെറ തപോവനത്തിലേയ്ക്കു് കൊണ്ടുപോകുന്നു. ഇതാണു് അവരുടെ ശരിയായ ഉപനയനം. പിന്നെ വേണ്ടതു് ബ്രഹ്മചര്യമാണല്ലൊ.

ഇതു് ജീവിതത്തിലെ ഒരു കാൎയ്യമായ പതനമാണു്. ഇവിടെവെച്ചാണു് യൌവ്വനമാകുന്ന മഹാവനത്തിലെയ്ക്കു് കാൽവയ്ക്കുന്നതു്. ഇവിടത്തെ ചോടു് ശരിയാവാത്തവൻ ആ കാട്ടിൽ പല വീഴ്ചകൾ ഭവിച്ചു് എല്ലൊടിഞ്ഞു് വിചാരിച്ച ദിക്കിലെത്താതെ മടങ്ങിപ്പോരേണ്ടിവരും. കാട്ടുജന്തുക്കളുടെ പകയും മുൾച്ചെടികളുടെ ഉപദ്രവവും അവനെ വളരെ പരവശനാക്കും. ഈ പ്രായത്തിലാണു് മനുഷ്യൻ ജീവിതാദൎശങ്ങളെ തിരഞ്ഞെടുക്കേണ്ടതു. അവയെ മനസ്സിൽ ഉറപ്പിക്കേണ്ടതും. അനുകരണഭ്രമമാണു് ഈ പ്രായത്തിലെ പ്രധാന പ്രേരണ. ലിംഗവ്യത്യാസം ഹേതുവായുള്ള ചില പുതുവികാരങ്ങളും ഇക്കാലത്തു് ഉദിക്കുന്നു. അതുമൂലം സൌന്ദൎയ്യത്തിൽ പ്രത്യേകദൃഷ്ടിയും സ്വന്തസൌന്ദൎയ്യത്തിൽ ഭ്രമവും ഉണ്ടാവുന്നു. ഈ ബാഹ്യസൌന്ദൎയ്യത്തിൽ ഭ്രമിച്ചുവന്നു അവയ്ക്കും ഉപരിയായ സ്വഭാവസൌന്ദൎയ്യത്തിലും കൎമ്മകൌശല്യത്തിലും കയറിച്ചെല്ലാൻ സാധിക്കില്ല. ബാഹ്യസൌന്ദൎയ്യഭ്രമം നമ്മുടെ അദ്ധ്യാത്മികവളൎച്ചയെ തടയുന്നു. അവളാണു് താടക. അവളെ കൊല്ലുകതന്നെവേണം. മാതാപിതാക്കന്മാരുടെ ഓമനക്കുട്ടൻ ഗുരുവിൻെറ കീഴിൽ ക്ഷൌരമില്ലാതെയും മുണ്ടില്ലാതെയും തോലിട്ടു് രജോഗുണവിരോധിയായി വേഷംപകരുന്നതാണു താടകാവധം. ദിവസേന പുതുക്കുന്ന ഡ്രസ്സും, ഫൌണ്ടൻപേനയും, റിസ്റ്റ്വാച്ചും, കണ്ണാടയും വിദ്യാൎത്ഥി ഒഴിച്ചുകൂടാത്തതാക്കിത്തീൎക്കുന്ന പരിഷ്കാരമാണൊ ദേഹദാൎഢ്യവും, ഉള്ളുറപ്പും, ആദൎശനിഷ്ഠയും ഉള്ള പൌരന്മാരെ ഉണ്ടാക്കുവാൻ പോകുന്നതു്? അത്തരം "ഉത്തരന്മാരു"ടെ സങ്കേതസ്ഥലങ്ങളായൊ പള്ളിക്കൂടങ്ങളും പ്രാൎത്ഥനാമന്ദിരങ്ങളും? താടകാവധം രാമായണം വായനക്കാരെ ഇപ്പോഴെങ്കിലും ഒന്നു പിടിച്ചുയൎത്തട്ടെ.

---

വിമിശ്രാൎത്ഥഘോരാപരാധങ്ങളാസ്ഥ്യം
നിമിത്തംപ്രവൎത്തിച്ചു പോകുന്നതെല്ലാം,
ക്ഷമിച്ചാലുമക്ഷാമകാരുണ്യമൂൎത്തേ!
നമിക്കാം, നമിക്കാം, നമിക്കാം, നമിക്കാം! 40

ത്രിസന്ധ്യയ്ക്കുനാരായണീയസ്തവം, നാ-
മസന്നിശ്രമായിജ്ജപിക്കുന്നതായാൽ,
സുസമ്പൽസമഗ്രായുരാരോഗ്യപൂൎവ്വം
നിസൎഗ്ഗാത്മചൈതന്യതേജസ്സിലെത്തും. 41

(സമാപ്തം)

അനന്തരം വരുന്ന പ്രധാനസംഭവം അഹല്യാമോക്ഷമാണ്. അഹസ്സുപോലുള്ള ആത്മചൈതന്യം കർമ്മദോഷത്താൽ ജഡശരീരത്തിൽ തീരെ മറഞ്ഞു ശരീരം പാറപോലെ കർമ്മശക്തമല്ലാതായിത്തീർന്നവളാണ് അഹല്യ. സാധുസംസർഗ്ഗംകൊണ്ട് അതിന്നു നന്മയുണ്ടാകുന്നു. വിദേഹമുക്തിയും വരുന്നുവെന്നാണ് ഈ കഥ കുറിക്കുന്നത്. ഇവിടെ സാധുസംസർഗ്ഗമുണ്ടായതു ശ്രീരാമന്റെ പാദസ്പർശമാണ്. ശ്രീരാമൻ നിത്യമുക്തനും ആണ്. അഹല്യാമോക്ഷം കഴിഞ്ഞു രാമലക്ഷ്മണന്മാർ പുരോഹിതസഹിതം മിഥിലയിലേക്ക് പോകുന്നു. അവിടത്തെ നേട്ടം സീതയാണ്. സിതയിൽനിന്നു പുറപ്പെട്ട സീത ഭൌതികവിഭവങ്ങളുടെ സമഷ്ടിരൂപമാണ്. ഗൃഹസ്ഥാശ്രമവും ജീവിതോപകരണങ്ങളും ഏവന്റെയും ആദ്ധ്യാത്മികവളർച്ചയ്ക്കു ആവശ്യമാണ്. ആത്മാനാത്മവിവേചനം ഉണ്ടാവാൻ സംസാരത്തിൽ കുറെ കിടന്നു മറികകയും കുഴയുകയും വേണം. ആവശ്യം ഉപായത്തെ കാണുന്നു. ഉപായത്തിൽനിന്നു കർമ്മം തുടങ്ങുന്നു. കർമ്മഫലം കുറെ അനുകൂലവും കുറെ പ്രതികൂലവും ആകുന്നു. അനുകൂലപ്രതികൂലങ്ങളുടെമൂലം കാണ്മാൻ ബുദ്ധി ശ്രമിക്കുന്നു. ഇങ്ങിനെയാണു ജ്ഞാനം വളരുന്നത്. ജ്ഞാനത്തിൽനിന്നുവേണം വൈരാഗ്യം വരുവാൻ. വൈരാഗ്യംകൊണ്ടേ ഈശ്വരനിൽ സ്ഥിരപ്രതിഷ്ഠ വരുള്ളൂ. അതുതന്നെ മോക്ഷം. ആകയാൽ ഗൃഹസ്ഥാശ്രമവും വൈശ്യമനസ്ഥിതിയും ഒരുപ്രായത്തിൽ ആവശ്യംതന്നെ. പക്ഷെ കഴുതകൾ പിന്നെ അവിടന്നു കരകയറുവാൻ നോക്കുന്നില്ലെന്നെയുള്ളൂ.

വിവാഹം കഴിഞ്ഞാൽ പിന്നെ വേണ്ടതു സ്വതന്ത്രജീവിതവും അതിന്നുള്ള വരുമാനങ്ങളുമാണ്. ആ നിലയിൽ ഒരു രാജകുമാരന്നു വേണ്ടതു രാജ്യവിഭവങ്ങളുടെ സ്വാധീനവും പ്രജകളുടെമേലുള്ള ഭരണശക്തിയും ആണല്ലോ. ദശരഥമഹാരാജാവു രാമന്റെ അഭിഷേകത്തിന്നുള്ള ഒരുക്കങ്ങളും തുടങ്ങി. പക്ഷെ ആട്ടാൻ ജനിച്ചവൻ നൂൽക്കാൻ പുറപ്പെട്ടാൽ ശരിയാവില്ലല്ലോ. താൻതന്നെ അവതരിച്ചു രാവണാദികളെ കൊന്നേക്കാമെന്നു ദേവകളോടു ചെയ്തിട്ടുള്ള സത്യം നിലനിർത്തേണ്ടയോ? ഏതവനും ജന്മം എടുക്കുന്നതു ചില പ്രാരബ്ധംചെയ്തു മുടിപ്പാൻവേണ്ടിയാണ്. അണിയറയിൽനിന്നു സത്യം ചെയ്താണ് പോരുന്നത്. അരങ്ങത്ത് വരുമ്പോൾ പുതിയദർശനങ്ങൾ അവനെ ഭ്രമിപ്പിക്കുന്നു; അവന്റെ സത്യം അവൻ മറന്നുപോകുന്നു; എന്നിട്ട് അപ്പപ്പോഴത്തെ തരംപോലെ സുഖോന്മുഖനായി ജീവിച്ചു ജന്മം നഷ്ടമാക്കുന്നു. രാജപദവികളെപ്പോലും പുല്ലുപോലെ ഉപേക്ഷിച്ചു പ്രാരബ്ധധർമ്മത്തെ പാലിക്കണം. അവനാണ് ധീരൻ. പിതൃകടം വീട്ടുവാൻ രാമൻ തനിക്കു കിട്ടുന്ന രാജ്യം ഭരതന്നു സമർപ്പിച്ചു വനവാസത്തിന്നു പോയി. മാതാപിതാക്കന്മാരുടെ പ്രാപഞ്ചികദുഃഖത്തെ അനാദരിച്ചും ജന്മോദ്ദേശത്തെ നിറവേറ്റണം. എന്നാലെ മുക്തി കിട്ടുകയുള്ളൂ.

രാമന്റെ വനവാസം കൂടുതൽ സാധുസംസർഗ്ഗത്തിന്നും തപോനിഷ്ഠകൾക്കും അവസരം നല്കി. അത്രയുമല്ല, രാവണാദികളുടെ വധത്തിന്നുള്ള നിമിത്തങ്ങളും അടിക്കടി വരുത്തിക്കൂട്ടി. നമ്മുടെ ജഡശരീരം ഒരു കാട്ടുതന്നെയാണ്; കാരണം ആദ്ധ്യാത്മികവിഹാരത്തിന്നു അതു പല തടസ്ഥങ്ങളെയും ഉണ്ടാക്കുന്നു. എന്നാലോ ആ മനസ്സ് ശരീരത്തോടു ഒട്ടിയേ നില്ക്കുകയുമുള്ളൂ. അതുകൊണ്ടു മനസ്സിന്നു പൂർണ്ണസ്വാതന്ത്ര്യം കിട്ടുവാൻ ശരീരത്തെയും മനസ്സുപോലെ ലോലമായ ഒരു വസ്തുവാക്കുകയേ നിവൃത്തിയുള്ളൂ. തപശ്ചര്യകളും യോഗചര്യകളും ഇതിന്നുള്ള വഴികളാണ്. ശരീരം പഞ്ചഭൂതമയമാണല്ലോ. എന്നാൽ അവ സ്ഥിരരൂപക്കാരല്ല. കട്ടിയായതു ഉരുകി ദ്രവമായിക്കൊണ്ടിരിക്കുന്നു. ദ്രവം ബാഷ്പമായും, ബാഷ്പം അണുവായും, അണു പരമാണുവായും മാറിക്കൊണ്ടിരിക്കുന്നു. വിപരീതപരിണാമങ്ങളും അതേസമയം മറുസ്ഥലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. പരമാണുവിന്നു മനസ്സിന്റെ തന്മയത്വം വരുന്നു അപ്പോൾ മനസ്സിന്റെ പൂർണ്ണസ്വാതന്ത്ര്യവും കിട്ടുന്നു. ഇതുതന്നെ മോക്ഷം. ഇതു കേവലം ശാസ്ത്രീയവിദ്യയാണ്; ഇന്ദ്രജാലമല്ല. ഇതിന്റെ ചില പടികളാണ് രാമായണത്തിലെ ശേഷംകഥകൾ.

ഒന്നാമതു വിരാധവധമാണ്. രഥം എന്നുള്ളതു ശരീരത്തിന്നുള്ള ഒരു സാങ്കേതികപദമാണ്. അതു ആത്മാവിന്റെ മുക്തിയാത്രയ്ക്കുള്ള വാഹനമാണ്. ആത്മാവിന്റെ ഇച്ഛയെ നിരാകരിച്ചു തന്റെ ഇച്ഛപോലെ നായാട്ടിന്നും കാഴ്ച കാണുവാനും ശരീരം ഭരിക്കുന്നവനാണു വിരാധൻ. പദാർത്ഥം, വിപരീതമായി രഥം നടത്തുന്നവൻ എന്നാണ്. അസുരന്മാരൊക്കെ വിരാധന്മാരാണ്. നമ്മുടെ വിരാധൻ സ്വാർത്ഥത്തിന്നുകൂടി ബുദ്ധി വികസിക്കാത്ത കാട്ടാളനാണ്. പ്രകൃത്യാ മനുഷ്യർ കാട്ടാളന്മാരാണ്. ആ കാട്ടാളത്തത്തെ ന

ശിപ്പിച്ചിട്ടുവേണം അവനു ഉപരിമണ്ഡപം പ്രാപിക്കുവാൻ. ശിഷ്യൻ യജമാനസ്ഥാനത്തു കയറിത്തുടങ്ങിയാൽ ഉടനെ അവനെ പിരിച്ചുവിടേണ്ടതല്ലേ? ഉദരമാണു അധമന്മാരെ ഭരിക്കുന്നതു "ബ്രഹ്മണോ ഭോജനപ്രിയഃ" എന്നു വന്നതിൽ പരം മനുഷ്യൻ അധഃകരിക്കാനെന്താണുള്ളതു്.

അടുത്ത ഒരു ശല്യമാണു് ശൂർപ്പണഖ. പദാർത്ഥം മുറംപോലെ ചതുരത്തിൽ നഖമുള്ളവൾ എന്നാണു്. വിനയമില്ലായ്മയുടെ ഒരു അംശലക്ഷണമായിരിക്കാം അതു്. സീത തനിക്കു പൂജിക്കുവാൻ പ്രത്യക്ഷദൈവമായ ഒരു ഭർത്താവിനെ ആഗ്രഹിച്ചു. ഭഗവാൻ തന്നെ അവതരിച്ചു് അവളെ പാണിഗ്രഹണവും ചെയ്തു. ശൂർപ്പണഖയ്ക്കു് വേണ്ടതും ഒരു ലക്ഷണയുക്തനായ പുരുഷനെയാണു്. പക്ഷെ അതു സീതയെപ്പോലെ തനിക്കു ഭജിക്കുവാനല്ല. തന്നെ ഭജിക്കുവാനും താൻ പറയുന്നപോലെയൊക്കെ കേൾക്കുവാനുമാണു്. ശൂർപ്പണഖക്ക് പ്രകൃതിസൌന്ദര്യം കുറവാണെങ്കിലും കൃത്രിമസൌന്ദര്യം അസാമാന്യമാണു്. ആ ഗർവ്വംകൊണ്ടു് അവൾ അമാനുഷന്മാരായ രാമലക്ഷ്മണന്മാരുടെ അടുത്തുചെന്നു, ആടിക്കുഴഞ്ഞുതുടങ്ങി. ഈ ഭ്രാന്തത്തിയെ ഒന്നു പഠിപ്പിക്കണമെന്നു രാമനും ഉറച്ചു. ശൂർപ്പണഖയുടെ ഭാവം വേഗം പകർന്നു. കയ്യാറാത്തിന്നു പുറപ്പാടായി. ലക്ഷ്മണൻ അവളെ വിരൂപയാക്കി വിട്ടു. വേഷംകെട്ടലും "മയിററ"ലും പിന്നെ വേണ്ടിവന്നില്ല. സ്ത്രീസൌന്ദര്യം താല്ക്കാലികമാണു്. അതു് അഹിതം കാണുമ്പോഴേക്കും ഇതളു കൊഴിയുന്ന പുഷ്പമാണു്. പൂജിക്കാനെ കൊള്ളു സഹായത്തിനും ശുശ്രൂഷക്കും ഒക്കില്ല. നല്ല റോസാണു്. സൂക്ഷിക്കാതെ തൊട്ടാൽ മുള്ളു കുത്തും. അതിൽ ചെറുപ്പക്കാർ ഭ്രമിച്ചു പോകരുതു്. ഭ്രമിച്ചാൽ പിന്നെ കിടന്നു വട്ടംതിരിയുകയേയുള്ളൂ.

പ്രാകൃതസ്വഭാവങ്ങളിൽ മികച്ച ഭക്ഷണഭ്രമത്തേയും ഭോഗഭ്രമത്തെയും ഒന്നാമതു ജയിക്കേണമെന്നുപദേശിച്ചശേഷം സ്വഭാവസംസ്കാരത്തിലേയ്ക്കു് പ്രവേശിക്കുന്ന ഒന്നാമതു ഖരവധമാണു്. ഖരത്വം മൂർഖത്വമാണു്. ആരോടും രഞ്ജിപ്പില്ലായ്മയാണു്. എല്ലാവരോടും ശാസനയായി പറയുന്നവനെ ആർക്കും സ്നേഹമുണ്ടാവില്ല. മൃദുവായി പറയുന്നവനു ശത്രുവിൻെറ കയ്യിൽനിന്നുകൂടി കാര്യം നേടാം. എല്ലാവരോടും സ്നേഹവും ആദരവും ഉണ്ടായിട്ടുവേണം സമബുദ്ധിവരുവാൻ. അതിൻെറ ശേഷമെ സർവ്വവ്യാപിയായ ഈശ്വരനെ അറിയുള്ളൂ. മനുഷ്യവിശേഷം സഹജീവികളിൽ അലിവാണു്. മൂർഖത്വം മൃഗീയതയാണു്. അതിനെ നശിപ്പിക്കതന്നെ വേണം. ഖരൻെറ സഹോദരനാണു് ദൂഷണൻ. അവൻ കുററവും കുറവും മാത്രമേ കാണുന്നുള്ളൂ. അവൻെറ തൊഴിൽ അതു കൊട്ടിഘോഷിക്കയാണു്. ലോകത്തിൽ പൂർണ്ണവസ്തു ഈശ്വരൻ ഒന്നെയുള്ളൂ. ഊനങ്ങളെ നോക്കുന്നവൻ തൻെറ ഊനങ്ങളിൽ സമാധാനിക്കയും അവയ്ക്കു വളംവെയ്ക്കുകയും ആണു ചെയ്യുന്നതു്. ഗുണങ്ങളെ നോക്കുന്നവൻ തൻെറ ദോഷങ്ങളെ തീർക്കുവാൻ ശ്രമിക്കും. പരഗുണങ്ങളെ പ്രശംസിക്കുന്നവൻ എല്ലാവരുടേയും കണ്ണിലുണ്ണിയായിത്തീരുന്നു. അവൻെറ ജീവിതക്ലേശങ്ങളും ചുരുങ്ങുന്നു. ഗുണം ഈശ്വരൻെറ തനിനിറമാണു്. ഗുണങ്ങളെ കാണുന്നവൻ ഈശ്വരനെയാണു് കാണുന്നതു. എല്ലാററിലും ഏറെക്കുറെ ഈശ്വരാംശമുണ്ടു്. അതിനാൽ അവനു വേഗം സമബുദ്ധി വരുന്നു. അവൻ തൻെറ ഈശ്വരാംശത്തെ വളർത്തുകയും ഒടുവിൽ താൻ ഈശ്വരനായിത്തീരുകയും ചെയ്യുന്നു. രാമൻ മൂന്നാമതു വധിക്കുന്നതു ത്രിശിരസ്സിനെയാണു്. ത്രിശിരസ്സ് എന്നതു ഏഷണത്രയങ്ങൾ ആണു്. ഇവയാണു് മനുഷ്യനെ കർമ്മഭൂമിയിൽ പിടിച്ചുകെട്ടിയിരിക്കുന്നതു്. മരിച്ചാലും വളരെ താമസിയാതെ വീണ്ടും ജനിപ്പിക്കുന്നതും ഇവയാണു്. ദാരേഷണം, വിത്തേഷണം, പുത്രേഷണം ഇവ മൂന്നും മനുഷ്യൻെറ ഒഴിയാബാധകളാണു്. വൃക്ഷങ്ങൾക്കുപോലും വിത്തുമൂത്താൽ അതു വിതരണം ചെയ്യണമെന്നാശയായി. പുരുഷബീജത്തെ കൃഷിചെയ്വാനുള്ള ഭൂമിയാണു സ്ത്രീ. പൂവ്വും കായും വിത്തിൻെറ വളർച്ചക്കുള്ള നിമിത്തങ്ങൾ ആണു്. സൌന്ദര്യഭ്രമവും ചമയലുംതന്നെയാണു് മനുഷ്യൻെറ പൂക്കൾ. അപ്പോൾ തുടങ്ങി ഇണയെ തേടുവാനുള്ള വാസന. ഇതു് എത്ര ഒളിച്ചുവെച്ചാലും വെളിപ്പെടുന്നു. വിവാഹമാണു് അതിൻെറ അവസാനം. ജന്മാന്തംവരെ പേറുന്ന ഒരു ഭാരമാണു് അതു്. അതാണു് വിവാഹം എന്നു് പേരിടപ്പെട്ടതു്. ഭാര്യയായാൽ അവളെ പുലർത്തലും സന്തോഷിപ്പിക്കലും തൻെറ ദേഹരക്ഷയേക്കാൾ കടപ്പെട്ട കാര്യമായി. അതിനുവേണ്ടി ഓരോ വിഭവങ്ങളെ തേടിക്കൊണ്ടിരിക്കേണ്ടിവരുന്നു. ഇങ്ങിനെ വിത്തത്തിൽ വന്നുവശാവുന്ന ഭ്രമമാണു് വിത്തേഷണം. പിന്നെ മക്കൾ ഉണ്ടാവാൻ തുടങ്ങുന്നു. അവർ തൻെറ അംശംതന്നെയാണു്. അതിനാൽ അവരെയും ആത്മവൽസ്നേഹം ഉണ്ടാകുന്നു. പോരാ, അവരുടെ ബാല്യത്തിലെ അശക്തി

പിതാവിന്റെ സകല അനുകമ്പയെയും ആകർഷിച്ചിരുന്നു. ഇങ്ങിനെ തന്റെ സ്വാതന്ത്ര്യം കണികപോലും ശേഷിക്കാതെ താൻ പാരതന്ത്ര്യത്തിൽ പെട്ടുപോകുന്നു. മോക്ഷം എന്നതു് സ്വാതന്ത്ര്യമാണല്ലോ. ഏഷണത്രയങ്ങൾ ഒരുവനെ ജന്മജന്മാന്തരങ്ങൾക്കുകൂടി പരതന്ത്രനാക്കുന്നു. ഈ ത്രിശിരസ്സിനെ മുമുക്ഷു നിർദ്ദാക്ഷിണ്യം വധിക്കണം. മോക്ഷവിരോധിയായി പ്രവർത്തിക്കുന്ന ഇവനും വലിയ അസുരൻതന്നെ. ഈ ഏഷണങ്ങൾ വന്നുചേരുന്നതു മുഴുവൻ ബുദ്ധിഹീനതകൊണ്ടല്ല. കാര്യനാശത്തിന്നു കാരണത്തിന്മേൽതന്നെ കോടാലിവെക്കണം. കാരണം കുറെ മറഞ്ഞാണ് കിടക്കുന്നതു്. ഒരു ഭാഗം ആദ്ധ്യാത്മികമാണ്. അതു ആത്മാവു് ജന്മമെടുക്കുവാൻ തീർച്ചപ്പെടുത്തിയപ്പോൾ സ്വീകരിച്ചു് കൂടെക്കൊണ്ടുവന്ന പ്രാരബ്ധമാണ്; ജന്മാന്തരത്തിലെ കർമ്മബന്ധവും ആശാബന്ധവും ആണ്; ഇവയിൽ ചിലവ അനുഭവിച്ചേ കഴിയൂ; ചിലവ പ്രതിക്രിയകൊണ്ട് ഭാവഭേദം വരുത്താവുന്നവയും ആകുന്നു. പഞ്ചഭൂതങ്ങളും സദാ ഭാവഭേദത്തിന്നും സ്ഥിതിഗതിഭേദത്തിന്നും വിധേയമാണ്. അവയൊന്നും വ്യക്തികളുടെ ആവശ്യംപോലെ വഴങ്ങിനില്ക്കില്ല. അവയുടെ ബാധകളെ ഉദാസീനതയോടെ വീക്ഷിക്കുവാൻ അഭ്യസിക്കുകയേ നിവൃത്തിയുള്ളൂ. മനുഷ്യന്റെ കർമ്മങ്ങളെയും സുഖദുഃഖങ്ങളെയും നിയന്ത്രിക്കുന്ന മറെറാന്നാണ് ആധിദൈവികം. അതു പുണ്യകർമ്മങ്ങളെക്കൊണ്ടും തപസ്സുകൊണ്ടും നേടുന്ന ദൈവാധീനമാണ്. പാപകർമ്മങ്ങൾക്ക് ദൈവവിരോധവുമാണ് ഫലം. ഈ ആദ്ധ്യാത്മികസംഗതികളെ യഥോചിതം ആദരിക്കുകയും ഭരിക്കുകയും ചെയ്യാറായവനെ ത്രിശിരസ്സിനെ കൊല്ലുവാൻ സാധിക്കുകയുള്ളൂ. അവൻ വല്ലാത്ത മായാവിയാണ്. അവനു എല്ലാം ആവശ്യമാണ്. വേണ്ട ദിക്കിൽവെച്ചു മതിയാക്കാൻ പ്രാപ്തിയില്ലാത്തവനെ അവന്റെ വലയിലിട്ടു ചക്രം ചവിട്ടിക്കയെയുള്ളൂ. ഇന്നീ ലോകം കുടുങ്ങിക്കിടക്കുന്നതു അവന്റെ വലയിലാണ്. ഇതാണ് കലിയുഗധർമ്മം.

രാവണവധമാണല്ലോ രാമാവതാരത്തിന്റെ പ്രധാനലക്ഷ്യം. രാവണൻ ഖരന്റെ മൂത്ത ജ്യേഷ്ഠനാണ്. അവിനയം മൂർത്തിമത്തായവനാണ്. ആരോടും ശാസനയാണ്. അഥവാ, രാവണപദം രാവിന്റെ മൂർത്തീകരണത്തിന്നും ഉപകരിക്കും. എല്ലാം ഈശ്വരൻതന്നെ എന്ന മനോഭാവം പകൽ. എല്ലാം താൻ എന്ന അഹംഭാവം രാത്രി. ഈ അഹംഭാവംതീരെ നശിച്ചേ മോക്ഷം ലഭിക്കൂ. ഈ അഹംഭാവത്തിന്റെ ഒരു വശമാണ് അവസാനിക്കാത്ത ആശ; അഥവാ എത്രയായാലും തൃപ്തിവരാത്ത മനസ്ഥിതി. രാവണനു സർവ്വവൈഭവവും ഉണ്ട്, അനന്തതപശ്ശക്തിയും ഉണ്ട്. ബ്രഹ്മാവിനോടും ശിവനോടും വരങ്ങൾ കണക്കുപറഞ്ഞു വാങ്ങിയവനാണ്. ദേവലോകം പിടിച്ചടക്കിയവനാണ്. ദിക്പാലന്മാരെ പിടിച്ചു് കെട്ടിയവനാണ്. ഇതൊന്നും പോരാഞ്ഞിട്ടാണ് മഹാലക്ഷ്മിയെ കക്കുവാൻ പുറപ്പെട്ടതു്. അതിന്നു് നാശം. വേണ്ടതിലധികം സ്വത്ത് കൈവശംവന്നാൽ ആപത്താണ്. അധികപ്പടിയുള്ളതു് പൊതുധർമ്മത്തിന്നുപയോഗിക്കണം. അല്ലെങ്കിൽ നാടെല്ലാം ശത്രുവാകും. ധനബലംകൊണ്ടു ശത്രുക്കളെ അടക്കി ഭരിക്കാമെന്നുവെച്ചാൽ ക്രമേണ ശത്രുബലം വർദ്ധിക്കുകയും, തനിക്കു നാശംവരികയുമാണ് ഫലം. ഇന്നെവരെ ചരിത്രം ഇതുതന്നെയാണ് പെരുമ്പറയടിച്ചതു്. രാമൻ രാവണന്റെ പത്തു തലകളെയും അറുത്തു. ഇവ രാവണന്റെ ആശകളെ നിറവേററിയിരുന്ന ദശേന്ദ്രിയങ്ങളാണ്. എങ്കിലും ആശയാകുന്ന കന്തകുററിയിൽ ജന്മാന്തരവാസനകൾ സഞ്ചിതമായിരുന്നതിനാൽ പോയതലകൾക്കെല്ലാം പകരം പുതിയ ചിനച്ചുങ്ങൾ പൊന്തുകയും ശക്തിയോടെ വളരുകയും ചെയ്തു. ബലഹീനന്മാരായ സാധാരണന്മാർക്ക് ഈ വളർച്ച പുതിയപുതിയ അനന്തജന്മങ്ങൾ ആയിട്ടാണ്. അഹങ്കാരം വേരററുപോകണമെങ്കിൽ ആശാക്രൂടമായ മനസ്സിനെ ശുദ്ധഭസ്മമാക്കണം. ആ ഭസ്മമാണ് സദാശിവൻ ആർത്തിയോടെ വാരിപ്പൂശുന്നതു്. രാമന്റെ ഒടുവിലെ ബാണം നിരന്തരം ഇളകൾ പൊട്ടിയിരുന്ന ആ മനസ്സിന്റെ നേരെയായിരുന്നു. രാമബാണം വലിയ അഗ്നിതന്നെയാണ്. അതാണ് യോഗാഗ്നി. ആ ശക്തികൊണ്ട് സകല സഞ്ചിതവും ഭസ്മമായവനെ മോക്ഷം കിട്ടുള്ളൂ. രാവണവധം ആദ്ധ്യാത്മികവളർച്ചയുടെ ആ പതനത്തെ കുറിക്കുന്നു.

ആശയുടെ സാന്നിദ്ധ്യത്തിന്നാണല്ലോ ലക്ഷ്മിയെ വിവാഹം ചെയ്തതു്. അഹങ്കാരത്തിന്റെ നിധനത്തോടുകൂടി ലക്ഷ്മിയുടെ വലിയ ആവശ്യം കഴിഞ്ഞു. രണ്ടാമത്തെ ആവശ്യം വംശധർമ്മം പുലർത്തുകയായിരുന്നു. അതിന്നായി രാമൻ ലക്ഷ്മണനോടുംകൂടി തിരിച്ച് അയോദ്ധ്യയിൽ വന്നു കുറെനാൾ രാജ്യം ഭരിച്ചു. അനുകമ്പതികഞ്ഞ ഒരു യന്ത്രംപോലെ രാജ്യത്തിന്റെ നടുനായകമായി തിരിഞ്ഞുകൊണ്ടിരുന്നു. ആ പ്രകാശം നാടെങ്ങും വിളങ്ങി. അത്രയുമല്ല, സംസ്കാര

# *വൈശാഖപൂർണ്ണിമ.

(ശ്രീ. വി. ഉണ്ണികൃഷ്ണൻനായർ, ബി. എ.)

[കേക]

## I

ആറുനൂറെറാരോമനക്കുഞ്ഞിനെ പ്രസവിച്ചാ-
ളീറുനോവറിയാതെ മാനിനി മായാദേവി.
രാജഹർമ്മ്യത്തിൽ മണിമച്ചിലല്ലവതീർണ്ണ-
നായതാ യതിയോഗശാലിയാം നൃപാർഭകൻ!
മാമരങ്ങളാൽ തണലാർന്നോരു തോപ്പിൽത്തൃണ-
ശ്യാമളാസ്തരണത്തിലാണന്നതാശ്ശിശു.
ജന്മദാതൃത്വം നൃപദമ്പതിമാരിൽ പൂർവ-
കർമ്മവാസനകൊണ്ടു മാത്രമർപ്പിച്ചു പൈതൽ.
അമ്മഹാപ്രഭവത്താൽ ജന്മസാഫല്യം സാധി-
ച്ചമ്മ-ഹാ-നിര്യാതയായേഴുനാളുകൾക്കകം.
മാനവലോകത്തിലുൾക്കൊൾവതായിരുന്നില്ല
ന്നാമാ മനസ്വിനിമണിതൻ ബ്രഹ്മാനന്ദം!
പൌർണ്ണമീനിശാനായകോദയത്തിങ്കൽ, താരാ-
കീർണ്ണമാം വൈശാഖാഭ്രം വാരൊളിയാളുമ്മട്ടിൽ
ലക്ഷണാന്വിതനായ നന്ദനൻ ജനിക്കയാ-
ലക്ഷയോത്സവമാർന്നു ശാക്യരാജാവിൻ വംശം.

## II

രാജപുത്രനായ് വെറും പേരിനുമാത്രം, പരി-
വ്രാജകത്വത്തിൽ പ്രതിഷ്ഠിതമായായുഷ്കാലം.
പരമാർത്ഥാന്വേഷകനായ് പലനാടുംചുററി
വിരതോദ്യമനായില്ലെത്രപാടുകൾപെട്ടും;
ഉണ്മയെച്ചൂഴലുന്ന കൂരിരുൾക്കാടിന്നൊരു
വെണ്മഴുതേടിത്തലപുററി വീഴ്ചകൾപാററി;
വ്രതതീവ്രതകൊണ്ടും കണ്ടുകിട്ടീലദ്ദീപ്രാ
ച്യുതമായില്ലാ തപഃപീഡയാൽ തമോഭരം.
ഒടുമ വെളിച്ചത്തിന്നുദ്ഭവസ്ഥാനംകാട്ടും
മേടല്ലകന്മഷസ്വാന്തമെന്നൊടുക്കത്തിൽ
ധ്യാനനിശ്ചലതയാൽ കണ്ടറിഞ്ഞാനന്ദൈക-
താനമാം ബോധജ്യോതിസ്സിങ്കലാറാടി ബുദ്ധൻ.

## III

കൈകൾ രണ്ടിലുമേന്തിപ്രജ്ഞയും കരുണയും
ലോകരക്ഷണത്തിന്നായ് ഭഗവാനെഴുന്നെള്ളി-
ഔപവാസികാഗ്നിയിലാഹുതിചെയ്തോ ജീവൻ
സ്വാപതേയാധിഷ്ഠിത ഭോഗലാലസയാലോ,
മാനവവംശം ഭിന്നമാർഗ്ഗമായനിർദ്ദിഷ്ട-
സ്ഥാനമൊന്നാരായുകയാണെന്നറിഞ്ഞുദേവൻ.
നാശഗർത്തത്തിൽച്ചെന്നുചേരുമാരണ്ടുംവിട്ടു
പേശലമൊരുമദ്ധ്യമാർഗ്ഗമഗ്ഗുരുകാട്ടി.
തൃഷ്ണതപ്തമാം ലോകചാതകം മുനിസൂക്ത-
വർഷബിന്ദുക്കൾ നുകർന്നമൃതാനന്ദം നേടി.

—***—

* വൈശാഖമാസത്തിലെ വെളുത്തവാവിൻനാളാണ് ബുദ്ധഭഗവാന്റെ ജനനവും ജ്ഞാനോദയവും മഹാനിർവാണവും സംഭവിച്ചത്.

---

പൂർണ്ണിമ വന്ന തന്റെ ശുദ്ധബീജം സീതയിൽ നിക്ഷിപ്തമാവുകയും ചെയ്തു. കുട്ടിക്കളിയുടെയിടയിൽ യാദൃച്ഛികമായുല്പാദിച്ച സന്താനമല്ലായിരുന്നു അതു്, ലോകോപകാരാർത്ഥം മനഃപൂർവ്വം ഉല്പാദിപ്പിച്ച സന്താനമായിരുന്നു. അതോടുകൂടി സീതയുടെ ആവശ്യവും തീന്നു. സീതയും ഉപേക്ഷിക്കപ്പെട്ടു. അപ്പപ്പോഴത്തെ നിമിത്തം അനുസരിച്ചു് ഒരു അവധൂതനെപ്പോലെ ധർമ്മം നടത്തിക്കൊണ്ടു് അദ്ദേഹം ശിഷ്ടകാലം വത്തിച്ചു. ആ ജീവിതത്തിന്റെയും അവസാനമാണ് അശ്വമേധം. വ്യക്തിബോധത്തിന്റെ പരിത്യാഗമാണ് അതു്. ഭാഗ്യവശാൽ ആ അവസരത്താൽ വാല്മീകി രാമപുത്രന്മാരെ ആനയിച്ചു. പിതാവിന്റെ യോഗ്യതകളെ അനുസ്മരിച്ചുകൊണ്ടു വളന്ന കുശലവന്മാർ രാമായണഗാനംകൊണ്ടു് സദസ്യരെ പുളകംകൊള്ളിച്ചു. പരസ്പരം അത്യാനന്ദത്തോടെ രാമനും മക്കളും ആലിംഗനസുഖത്തിൽ ആറാടി. മക്കളെ സിംഹാസനത്തിൽ അവരോധിച്ചു്. താൻ സരയൂനദിയിൽതിരോധാനവും ചെയ്തു. സർവ്വത്തെയും അലിയിക്കുന്ന ഗംഗ അദ്ദേഹത്തെയും അലിയിച്ചു്, തന്റെ ഉല്പത്തിസ്ഥാനമായ സദാശിവജടയിലേയ്ക്കു ആ രാമതത്വത്തെകൊണ്ടുപോയി ചേർക്കയും ചെയ്തു.

ഇങ്ങിനെ രാമചരിതം മോക്ഷമാർഗ്ഗത്തിന്റെ സുവിശേഷമായ ഒരു സാധനപാഠമാണെന്നു ഏവനും ധരിക്കേണ്ടതാണ്. അതിന്റെ പൂർണ്ണദ്ധ്വനിയും രാമനാമത്തിനുണ്ടു്. സപ്തർഷികളുടെ സംസർഗ്ഗംകൊണ്ടു് ബുദ്ധി ഉണർന്ന വാല്മീകിയാൽ രാമനാമം രാമചരിതത്തെ മുഴുവൻ അലക്കൊള്ളിച്ചു. അദ്ദേഹത്തിൽനിന്നു രാമായണം നമുക്കു് സിദ്ധിച്ചു. അതു ശരിക്കറിഞ്ഞു് മനസ്സിൽ വ്യാപരിപ്പിച്ചുകൊണ്ടിരുന്നാൽ അചിരേണ മോക്ഷവും കിട്ടും. കൂടുതൽ വിവരം എന്റെ രാമായണത്തിൽ കാണാം.

# കൊച്ചിയിലെ ഭൂഗർഭശാസ്ത്രപര്യവേക്ഷണം.

[ശ്രീ. ടി. സുധാകരമേനോൻ, എം. എസ്സ്. സി.]

[സർ ആൽബിയൻ ബാനർജിയുടെ ദിവാൻഭരണകാലത്തു ശ്രീ കെ. കെ. സെൻഗുപ്ത എന്ന ഭൂഗർഭശാസ്ത്രജ്ഞൻ ഒരു കൊല്ലക്കാലത്തോളം കൊച്ചിരാജ്യത്തു പര്യവേക്ഷണങ്ങൾ നടത്തുകയും 1036-ൽ ഒരു വിവരണം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ധാതുസമ്പത്തിനെക്കുറിച്ച് മുമ്പൊരിയ്ക്കൽ ഞാൻ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനത്തിൽ ശ്രീ. സെൻഗുപ്തയുടെ പര്യവേക്ഷണങ്ങളെ പരാമർശിച്ചിട്ടുള്ളതു് വായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. മേപ്പുറത്തെ വിവരണത്തിന്റെ ഒരു സംഗ്രഹമാണ് ഇപ്പോൾ ഇവിടെ പ്രസിദ്ധപ്പെടുത്തുന്നതു്. കേരളത്തെ സ്പർശിക്കുന്ന ഇത്തരം വിജ്ഞാനപ്രദങ്ങളായ വിവരണങ്ങളെക്കുറിച്ചു കേരളീയർ അറിഞ്ഞിരിക്കേണ്ടതത്യാവശ്യമാണ്.]

ഭൂഗർഭശാസ്ത്രപര്യവേക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തി കേരളത്തെ പൊതുവെയും കൊച്ചിരാജ്യത്തെ പ്രത്യേകിച്ചും മൂന്ന് വിഭാഗങ്ങളായി വിഭജിയ്ക്കാവുന്നതാണ്. ഒന്ന്, അന്തിക്കാട്ട്, ചേർപ്പ്, കരുപ്പടന്ന, എറണാകുളം എന്നീ സ്ഥലങ്ങളിൽക്കൂടി ഒരു രേഖ വരയ്ക്കുന്നപക്ഷം ആ രേഖയുടെ പടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്യുന്നതും, കായലുകൾ നിറഞ്ഞതുമായ മണൽപ്രദേശം. രണ്ട്, ഈ രേഖയുടെ കിഴക്ക് സഹ്യാദ്രിയുടെ അടിവാരംവരെയുള്ള വെട്ടുകൽപ്രദേശം (ചെങ്കൽപ്രദേശം). മൂന്ന്, സഹ്യാദ്രിയും അതിന്റെ അടിവാരവും ഉൾപ്പെടെയുള്ള കരിങ്കൽപ്രദേശം.

കൊച്ചിരാജ്യത്ത് ഏറ്റവും സുലഭമായി കാണുന്ന പാറ "നൈസ്സ്" എന്ന പേരിലറിയപ്പെടുന്ന ഒരുതരം കരിങ്കല്ലാണ്. നാം സാധാരണയായി കരിങ്കല്ല് എന്നു പറയുന്ന പാറയെ, അതിലടങ്ങിയിരിക്കുന്ന ധാതുക്കളെ അടിസ്ഥാനപ്പെടുത്തി, ഭൂഗർഭശാസ്ത്രജ്ഞന്മാർ പലതരത്തിൽ വിഭജിച്ചിട്ടുണ്ട്. കൊച്ചിരാജ്യത്ത് സാധാരണ കണ്ടുവരുന്ന പാറകൾ "നൈസ്സ്", "ചാർനൊക്കൈറ്റ്", "പെഗ്മറ്റൈറ്റ്", "പൈറോക്സെനൈറ്റ്", "നോറൈറ്റ്", "ഗാബ്രൊ", "ഡോളറൈറ്റ്" എന്നീതരം കരിങ്കല്ലുകളാണ്.

"നൈസ്സ്" എന്ന പാറതന്നെ മൂന്ന്തരത്തിൽ കണ്ടുവരുന്നുണ്ട്. പാണ്ടു പിടിച്ചതുപോലെ കാണപ്പെടുന്ന "ഔഗെൻനൈസ്സ്" ചൂണ്ടലിലും കുതിരാനിലുമുണ്ട്. കൃഷ്ണാഭ്രം ധാരാളമുള്ള ഒരുതരം കറുത്ത "നൈസ്സ്" കരിയാർകുട്ടിയിലുണ്ട്. എണ്ണമയമുള്ളതുപോലെ കാണപ്പെടുന്ന ഒരുതരം ചാരനിറമുള്ള "നൈസ്സ്" മീനാക്ഷിപുരത്തുണ്ട്.

"നൈസ്സ്" കഴിഞ്ഞാൽ പിന്നീട് ഏറ്റവും പ്രധാനമായ കരിങ്കല്ല് "ചാർനൊക്കൈറ്റ്" ആകുന്നു. കവല, ഒരുകൊമ്പൻകുട്ടി, മുക്കത്തോട്, വാണിയമ്പാറ, പൂവൻചിറ, വെള്ളാനി, പെരിഞ്ചേരി, അതിരപ്പള്ളി മുതലായ സ്ഥലങ്ങളിലുള്ള "ചാർനൊക്കൈറ്റ്" പാറകളെക്കുറിച്ച് ശ്രീ. സെൻഗുപ്ത പ്രതിപാദിച്ചിട്ടുണ്ട്.

നന്ദിയോട്ടുമുതൽ മീനാക്ഷിപുരംവരെയുള്ള റോഡിൽ പലേടത്തും "പൈറോക്സെനൈറ്റ്" എന്ന കരിങ്കൽപാറ കണ്ടുവരുന്നുണ്ട്. നരണി അമ്പലക്കെട്ടിന്നടുത്തും ഇത്തരം പാറയുണ്ട്. കുഴൂരിന്നടുത്ത് "നോറൈറ്റ്" എന്നൊരുതരം കരിങ്കല്ലുണ്ട്. "ഗാർനെറ്റ്" എന്ന ചുവന്ന ധാതു അടങ്ങിയ പാറകൾ ദക്ഷിണതിരുവിതാംകൂറിൽ സുലഭമാണെങ്കിലും കൊച്ചിരാജ്യത്ത് വളരെ അപൂർവ്വമാണ്. പോത്തുപാറയിലും ഒരുകൊമ്പൻകുട്ടിയ്ക്കും മതവാരിച്ചാലിന്നുമിടയ്ക്കുള്ള ഭാഗം പാതയിലും ശ്രീ. സെൻഗുപ്ത ഇത്തരം പാറകൾ കണ്ടെത്തുകയുണ്ടായി.

വെള്ളാരൻകല്ലും കവിടിക്കല്ലും (ഫെൽസ്പാർ) ധാരാളമുള്ള "പെഗ്മറ്റൈറ്റ്" എന്നപാറ നന്ദിയോട്ടനിന്ന് മീനാക്ഷിപുരത്തേയ്ക്കുള്ള റോഡിന്റെ ഇരുവശത്തും ധാരാളമുണ്ട്. ഈ റോഡിൽതന്നെയുള്ള ചേർനല്ലി എന്ന സ്ഥലത്ത് ഈ പാറയിൽ "ഡയലേജ്" എന്നു പേരായ പച്ചനിറമുള്ള ധാതു കണ്ടുവരുന്നു.

അതിരപ്പള്ളിയുടെ വടക്കുഭാഗത്തു വെള്ളാരൻകല്ല് ധാരാളമായികിടപ്പുണ്ട്. മൂവത്തറയിലും "പെഗ്മറ്റൈറ്റ്" എന്ന പാറ ധാരാളമായി കണ്ടുവരുന്നു.

പട്ടിക്കാട്ടിൽ പലേടത്തും "ഗാബ്രൊ" എന്ന പാറ കണ്ടുവരുന്നു. അമ്മാടം, ഊരകം, ആറാട്ടുപുഴ, തോട്ടിപ്പാൾ, നെട്ടമ്പാടം, കല്ലേറ്റുംകര, മുരിങ്ങൂർ, അഡൂർ, മതവാരിച്ചാൽ, തുമ്പൂർമുഴി എന്നീ സ്ഥലങ്ങളിലും ഈ പാറ ഉണ്ട്.

കൃഷ്ണശില അഥവാ "ഡോളറൈറ്റ്" പട്ടിക്കാട്ട്, പാറളം, പൂക്കോട്ട്, വെങ്ങിണിശ്ശേരി, വരന്തരപ്പിള്ളി, വെ

# കുമാരസംഭവം.

[രതിവിലാപം—4-ാം സർഗ്ഗം—തർജ്ജമ.]

(സർദാർ, കെ. എം. പണിക്കർ, എം. എ. (ഓക്സൺ), ബാർ-അററ്-ലാ)

മോഹത്തിനാൽ സ്വയമചേതനയായ്ക്കിടന്ന
ചാരിത്രശാലിനി മനോഭവപത്നിയാളെ
പെട്ടെന്നുണർത്തി വിധി, ദുസ്സഹമായനവ്യ
വൈധവ്യവേദന ശരിക്കറിയിപ്പതിന്നായ്. 1

ആലസ്യമററവളുണർന്നു തുറിച്ചുനോക്കി
തൻനീണ്ടകണ്ണുകൾ തെളിച്ചഥ നാലുപാടും
സംതൃപ്തി ചെറുമറിയാത്തവ ചൊല്ലിയില്ല
മേലാൽക്കുതൻ ഹൃദയനാഥനദൃശ്യനെന്നായ്. 2

"പ്രാണേശ! ജീവനൊടുമിന്നുവസിപ്പിതോ നീ"
എന്നോതി വേഗമെഴുന്നേററവൾ നോക്കിടുമ്പോൾ
കാണായി കേവലമവൾക്കരികേ ഹരന്റെ
കോപാഗ്നിഭസ്മമൊരുപൂരുഷരൂപമായി. 3

വീണ്ടും വളർന്നൊരഴലാലവൾ ഭൂതലത്തിൽ
വീണൊട്ടുപൂഴിപുരളുന്ന കുചങ്ങളോടെ
താനൊപ്പമാസ്ഥലവുമാടലിലാഴ്വാൻപോൽ
വാവിട്ടുമുക്തകചയായ് വിലപിച്ചുപാരം. 4

സച്ചാരുതയ്ക്കുലകിടത്തിൽ വിലാസിമാർക്കു
യാതൊന്നു നിത്യമുപമാനമതായ്ഭവിച്ചു
ആ നിൻവപുസ്സിതുകണക്കുഭവിക്കിലും ഞാൻ
ജീവിപ്പു; നാരികളഹോ! കഠിനസ്വഭാവർ. 5

എന്നും നിനക്കടിമയാമിവളെത്യജിച്ചും,
ഭഞ്ജിച്ചു സംപ്രണയമീശ, യരക്ഷണത്തിൽ
താർപൊയ്കയേ, ക്കരകവിഞ്ഞജലൌഘമെന്ന
പോലാക്കിനീ ഝടിതിയിന്നെവിടെഗ്ഗമിച്ചു? 6

ചെയ്തില്ലവിപ്രിയമൊരിക്കലുമെന്നോടേതും
അങ്ങയ്ക്കു ഞാനഹിതമേതുമണച്ചതില്ല
പിന്നെന്തുകഷ്ടേരതിക്കു കൊടുപ്പതില്ല
നിൻദർശനം ചെറുതുകാരണമെന്നിയേ നീ? 7

പേർമാറിയോതിടവെയന്നരഞാണുകൊണ്ടു
ബന്ധിപ്പതോ, ചെവിയണിക്കമലത്തിനാലെ
കണ്ണിൽപ്പൊടിഞ്ഞു ചെറുതല്ലികൾ വീഴുമാറു
താഡിപ്പതോ സ്മര, നിനക്കിവയോർമ്മയുണ്ടോ? 8

"നിൻവാസമെന്നകമലർക്കകെ"മെന്നുചൊല്ലും-
മാറുള്ളതോർപ്പു സകലം പൊളിയെന്നു തന്നെ
നേരായതിന്നു നയവാചകമല്ലയെങ്കിൽ
നീമെയ്വെടിഞ്ഞളവുമെങ്ങനെ ഞാനിരിപ്പൂ? 9

എന്നെപ്പിരിഞ്ഞു നവമായവിടുന്നണഞ്ഞ
പാരത്രികം പദവിഞാൻ ജവമാണ്ടുകൊള്ളാം
നേരിൽച്ചതിച്ചു വിധി, ലോകരെയാകമാന-
മങ്ങയ്ക്കധീനമഖിലർക്കുമെഴുംസുഖങ്ങൾ. 10

---

ളാങ്ങല്ലൂർ, ഐരാണിക്കുളം, മടത്തുംപടി എന്നീസ്ഥലങ്ങളിലുണ്ട്.

കരിങ്കല്ല് കഴിഞ്ഞാൽപിന്നെ കൊച്ചിരാജ്യത്ത് സുലഭമായിട്ടുള്ളത് വെട്ടുകല്ലാണ്. മഴ സുലഭമായിട്ടുള്ള പ്രദേശങ്ങളിൽ കരിങ്കല്ലിൽനിന്ന് വെട്ടുകല്ലുണ്ടായിത്തീരുന്നു. മഴ തീരെ കുറവായ ചിററൂർതാലൂക്കിൽ വെട്ടുകല്ല് തീരെ കാണുന്നില്ല. ചിലസ്ഥലങ്ങളിൽവെട്ടുകല്ല് വളരെ കാഠിന്യമേറിയതാണ്. അയ്യൻകുന്നിൽ ഇത്തരം വെട്ടുകല്ല് കാണുന്നുണ്ട്. വെട്ടുകല്ലിൽ പലേടത്തും ചെറിയ വെള്ളാരൻകല്ലു നിരകൾ കാണുന്നു.

കായലുകൾ കേരളത്തിന്റെ ഒരു പ്രത്യേകതയാണെന്നുതന്നെ പറയാം. ദക്ഷിണതിരുവിതാംകൂർ സമുദ്രതീരത്തിലുള്ളതുപോലെ മണൽക്കുന്നുകൾ കൊച്ചിരാജ്യത്തില്ല.

ശ്രീ. സെൻഗുപ്ത മുനിയറകളെക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്. ചെററലപ്പാറയിൽനിന്ന് ഉപ്പിങ്ങലേയ്ക്കുള്ള വഴിയിൽ ഒരു മുനിയറയും തൊടുകാട്ടിൽ രണ്ടെണ്ണവും, കാപ്പിക്കാട്ടിൽ ഒരെണ്ണവും, വാണിയമ്പാറയിൽ രണ്ടെണ്ണവും, ചെരിന്തുമ്പയിൽ എട്ടുപത്തെണ്ണവുമുള്ളതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. മുക്കുത്തോടിന്നു ചുററുമുള്ള കുന്നുകളിലും കാട്ടുകളിലും അനവധി മുനിയറകളുണ്ട്. മൂന്ന് വശങ്ങളിലും മുകളിലും കല്ലുകൾ വെച്ചിട്ടുള്ള ഈ അറകൾക്ക് രണ്ടുവാരനീളവും ഒരു വാര വീതിയും ഒരു വാര ഉയരവുമുണ്ടാകും. ഇവ മുനിമാരുടെ വാസസ്ഥാനങ്ങളായിരുന്നുവെന്നാണ് പറഞ്ഞുവരുന്നത്. അവ ശ്മശാനസ്ഥലങ്ങളായിരുന്നുവെന്നാണ് ശ്രീ. എൽ. കെ. അനന്തകൃഷ്ണയ്യരുടെ അഭിപ്രായം.

രാത്രിയ്ക്കിരുട്ടനിറയും തെരുവിൽപ്രയോദ
നിർഘോഷവിക്ലബകളാകിയ മങ്കമാരെ
വേഗേനകാന്തരുടെഗേഹമണയ്ക്കുവാനായ്
നീയെന്യെ മറെറാരുവനാരു സമത്ഥനാകും? 11

ചെങ്ങന്നമല്ലനയനങ്ങൾ പകച്ചുമേററം
ചൊല്ലും വചസ്സിടറിയും പ്രമദാജനങ്ങൾ
കാട്ടുന്നമദ്യമദകേളി,ഭവാൻവെടിഞ്ഞ
ലോകത്തിലംഗജ, നിരത്ഥകഗോഷ്ഠിയാവും. 12

നിന്മേനിയിങ്ങനെ നശിച്ചതറിഞ്ഞു നിൻെറ
ചങ്ങാതി, നിഷ്പ്രചമുദിച്ചുയരുന്ന ചന്ദ്രൻ
തിരുമ്പൊഴും മലിനപക്ഷമഹോ!വിടുന്നു
തൻമെയ് ചടപ്പു പെരുതാമഴലോടുമാത്രം. 13

നൽപ്പച്ചയൊത്തരുണവർണ്ണമിയന്നതെട്ട
ചേന്നാൺകയിൽക്കളരുതാലറിയുന്നതായി
ചേണാന്നമാമ്പിന്റെ നവ്യസുമങ്ങളാർക്കി-
ന്നമ്പായ് ഭവിക്കു മിനിമന്മഥയിജ്ജഗത്തിൽ? 14

നിൻവില്ലിനൊത്തഗുണമായ് പലനാൾ നിയോഗി-
ച്ചുള്ളോരുഭൃംഗനിര, താമരസാസ്ത്ര, കഷ്ടം
പൊങ്ങിച്ചിടുന്നദയനീയരുതത്തിനാലെൻ
വൻദുഃഖമൊട്ടനുസരിപ്പതുപോലെതോന്നും. 15

വീണ്ടുംധരിച്ചുതവമോഹനമായരൂപം
വേഗാലെഴീററുനിയമിക്കുക നീയിദാനീം
വാക്കിൽസപത്നേ മധുരതയ്ക്കുപടുത്വമാണ്ടോ-
രാൺകോകിലത്തെരതിദൂതപദംവഹിപ്പാൻ. 16

കമ്പിട്ടകാലുകൾപിടിച്ചൊരുയാചിതങ്ങൾ;
അംഗംവിറയ്ക്കുമളവുള്ള പരിഗ്രഹണങ്ങൾ;
ആമട്ടെഴുന്നൊരുരഹസ്സുരതങ്ങൾ; എല്ലാ-
മോത്തിപ്പൊഴംഗജ,യെനിക്കൊരു ശാന്തിയില്ല. 17

ലീലാസമത്ഥതവിടുന്നുചമച്ചചാരു
പുഷ്പാച്ചയാഭരണമെന്നുടെ മേനിയിങ്കൽ
നിൽക്കുന്നിതീസമയവും ഹ! ഹ! കാണ്മതില്ല
കന്ദപ്പ നിൻെറ മതിമോഹനമായരൂപം. 18

ഏതിന്നലംകൃതിയപൂർണ്ണമതായിരിക്കേ
നിന്നെവിളിച്ചു ദയവറെറാരമത്ത്യവഗ്ഗം
ആയെന്നിടംകഴലിതാ പരിപൂർണ്ണരാഗ-
മാക്കാൻ വരൂ ദയിത, ഞാൻ ക്ഷമയററിരിപ്പൂ. 19

ചാതുര്യമേറിയ സുരാംഗനമാർ ഭവാനെ-
സ്സൂത്രങ്ങളാൽ സ്വരം,മയക്കുവതിന്നുമുൻപേ
ഈപ്പാററകാട്ടിനവഴിക്കു ഭവൽസമീപം
പ്രാപിച്ചു നിൻമടിയിലേറിവഹിച്ചിടും ഞാൻ. 20

ജീവിച്ചുപോൽരതിഞൊടിയ്ക്കിടപോലുമിന്നു
മാരൻെറ ദാവതയിലെന്നൊരു ദുഷ്പ്രവാദം,
ലോകത്തിലങ്ങനെപരന്നിതുകാന്ത, മററു
ലോകത്തിൽ ഞാനനുഗമിക്കുകിലും ഭവാനെ. 21

പാരംത്വരിച്ചു പരലോകമണഞ്ഞ നിന്നെ
ഞാനേതുമട്ടിലണിയിക്കണമന്ത്യമായി
ചിത്തത്തിനും തനുവിനും നിരുപിക്കുവാനു-
മാകാത്തയാത്രമമവല്ലഭ,ചെയ്തുവല്ലോ. 22

അങ്കത്തിൽ വെച്ചചിലയോടു,ശരംനിവർക്കും
നിൻതോഴനാം മധുവിനോടു ചിരിച്ചുമോദാൽ
ഓരോന്നു ചൊൽവതുമിടയ്ക്കിടെനീകടക്ക-
ണ്ണിട്ടെന്നെനോക്കുവതു,മംഗജ,ഞാൻ സ്മരിപ്പൂ. 23

പുഷ്പങ്ങളാൽ ചില ചമച്ചു നിനക്കു നൽകും
ചങ്ങാതിയാത്മസമനാം മധുവെങ്ങുപോയീ?
ഉഗ്രംപിനാകിയുടെ കോപമവന്നുമന്നു
തോഴൻ ഗമിച്ചവഴികാട്ടിയതായ്‌വരാമോ?" 24

ആ രോദനത്തിലെഴുമക്ഷരമായ നഞ്ഞു
ചേരുംശരം ഹൃദിതറച്ചവസന്തനപ്പോൾ
ആശ്വാസമാതുരയവൾക്കുകൊടുക്കുവാനായ്
പ്രത്യക്ഷമാക്കിനിജമേനിരതിക്കുമുമ്പിൽ. 25

(തുടരും)


# കൈകണ്ട മരുന്നുകൾ.

## രക്തവാതത്തിനും കണ്ഠമാലയ്ക്കും ദിവ്യഔഷധങ്ങൾ.

രക്തവാതം ഏഴേഴു ദിവസംകൊണ്ടും കണ്ഠമാല ഒരൊററമാസംകൊണ്ടും സുഖപ്പെടും.

അപേക്ഷിക്കേണ്ടും മേൽവിലാസം—

എ. എൻ. ഭട്ട, ചിററൂർ-കൊച്ചിൻ.

ചെറുകഥ.

# പാവപ്പെട്ടരവിയുടെ പണിപ്പെട്ടയാത്ര.

[ശ്രീ. എ. എസ്സ്. പി. പണിക്കർ.]

സരസ്വതീഭക്തന്മാരിലൊരാളാണ് പട്ടിണിദാസനായ ആ യുവസാഹിത്യകാരൻ രവി. ചലിച്ചുകൊണ്ടിരിക്കുന്ന തൂലികയും കയ്യിൽപ്പിടിച്ച്, പുളിച്ചുനാറുന്ന ജീവിതയാഥാർത്ഥ്യങ്ങളെ പച്ചയായി പുറത്തു കാട്ടിയിരുന്ന രവിയുടെ നെടുവീർപ്പുകൾ തുടരെത്തുടരെ കേൾക്കുവാൻ തുടങ്ങിയിട്ടു കാലം കുറെയായി. യഥാർത്ഥസാഹിത്യസാമ്രാജ്യത്തെ ഒന്നു ചുററിക്കാണേണമെന്നുള്ള ആശ ആ ഹൃദയതന്തുവിൽ മുളച്ച്, ആ ഉദ്ദേശത്തോടെ ആ നീണ്ടപാതയിൽക്കൂടി അയാൾ നിരങ്ങിത്തുടങ്ങിയതു് ഇന്നൊ ഇന്നലെയൊ അല്ല. എന്തു ഫലം? ആകപ്പാടെ, വലിയ അസ്വസ്ഥതയാണു രവിക്കനുഭവപ്പെട്ടതു്. ഒടിഞ്ഞുതകർന്ന രവിയുടെ സാഹിത്യസന്താനങ്ങൾ, ചുട്ടുപൊള്ളുന്ന നെടുവീർപ്പുകളെക്കൊണ്ട് അലംകൃതമാണെങ്കിലും, അവ തനി നിരാശയുടെ നിറകുടമാണ്. ഹാ! ആ സന്താനങ്ങളുടെ സ്ഥിതിയൊ? രവിയുടെ നഗ്നമായ സാഹിത്യസന്തതികൾ വിമർശകവീരന്മാരുടെ വജ്റായുധമാകുന്ന തൂലികയുടെ കീറലും പോറലും അനവധി തവണ ഏററ് ഇന്നും തകർന്ന് മണ്ണടിയാതെ ആകാശക്കൊട്ടകെട്ടി കലാകാരന്മാരായ കാമിനീസേവകന്മാരുടെ പിടിയിൽപ്പെട്ട്, വട്ടംകറങ്ങി, നട്ടംതിരിഞ്ഞ്, നട്ടെല്ലൊടിഞ്ഞ്, സഹായത്തിനൊരുമുട്ടൻവടിയുമേന്തി മലയാളഭാഷായോഷയെ സാഹിത്യച്ചാറുകൊണ്ട് അമൃതേത്തു കഴിപ്പിക്കുകയാണ്. ആ വരുന്നതാര്? തന്മയത്വംനിറഞ്ഞ യഥാർത്ഥചിത്രങ്ങൾ വരച്ച ആ സാഹിത്യക്കുട്ടിക്കുറുമ്പൻ രവിയൊ?

ശരി, രവിതന്നെ. എഴുത്തുകോൽ ചെവിയിലും വെച്ച്, ഒരു കയ്യിലൊരു മുട്ടൻവടിയും, മറുകയ്യിലൊരു മഷിക്കുപ്പിയും, മുതുകത്തൊരു ഭാണ്ഡവുമേന്തി സാഹിത്യസാമ്രാജ്യപ്പടിവാതിൽ തെണ്ടിവരുന്നതു്, ആ സരസ്വതീദാസനാണ്. ഒരുപക്ഷെ, പടിയ്ക്കൽ കാവൽക്കാരനുണ്ടെന്ന വസ്തുത അറിയില്ലായിരിക്കാം. നോക്കണേ! സാഹിത്യസാമ്രാജ്യത്തിന്റെ പടിവാതിലേതന്നറിയാത്ത രവിയുടെ താംതോന്നിത്തം! അതുമല്ല, കണ്ടവരോടെല്ലാംവഴിചോദിച്ചും, ശുണ്ഠികടിച്ചും, തരമുള്ളപ്പോഴെല്ലാം കർക്കശമായി സംസാരിച്ചും, ഏങ്ങിവലിഞ്ഞു് ഒടിഞ്ഞുനുറുങ്ങിയ ശരീരവുമേന്തി, പണ്ടെന്തോ സ്വപ്നംകണ്ടതുപോലെ, അവസാനമില്ലാത്ത ആ പന്ഥാവിൽക്കൂടി മുന്നോട്ടുവരികയാണാകൊച്ചുമനുഷ്യൻ. ഒരൊററ ഓട്ടത്തിന് സാഹിത്യസാമ്രാജ്യത്തറവാട്ടിലെത്തി, അതിന്റെ താക്കോൽക്കൂട്ടം തട്ടിയെടുത്തു് സർവ്വസ്വതന്ത്രനാകാമെന്നുള്ള അയാളുടെ മോഹം പ്രകൃതി എങ്ങിനെയൊ അറിഞ്ഞെന്നു തോന്നുന്നു. അതായിരിക്കാം ഒരു ക്രമൻ ആ വഴിയ്ക്കു "ഉം," "ഊ" എന്നു മൂളിക്കൊണ്ട് പറന്നുപോയതു്. അതുകേട്ട രവിയൊന്നന്ധാളിച്ചു നാലുപാടും തിരിഞ്ഞുനോക്കി. "മുട്ടുവിൻ തുറക്കപ്പെടും" എന്നല്ലേ "സത്യവേദ"പ്രമാണം. ഒന്നു ശ്രമിച്ചുനോക്കാം. "പററിയെങ്കിലായി" എന്നുതന്നെ രവി ഒരു അവസാനതീരുമാനത്തിലെത്തി. പിന്നേയും ആ യാത്ര തുടരുകതന്നെ ചെയ്തു എന്തൊരു ധൈര്യം! മനുഷ്യനായാൽ അങ്ങിനെ ധൈര്യം വേണം.

നേരം സന്ധ്യയോടടുത്തു. ആ സാഹിത്യകാരൻ ഓട്ടം പഠിച്ചു തുടങ്ങി. അന്നുതന്നെ ഉദ്ദിഷ്ടസ്ഥാനത്തു് എത്തണം. അതാണ് നിശ്ചയം. നാഴികമണിയുടെ ശബ്ദംകേട്ട് ആ സാധു ശ്രദ്ധിച്ചു. ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് എന്നിങ്ങനെ വ്യക്തമായെണ്ണി. മണിയഞ്ചായി. രവി പടിവാതിൽക്കൽ എത്തിക്കഴിഞ്ഞു. സമാധാനമായി. അപ്പോഴാണ് സാഹിത്യസാമ്രാജ്യപ്പടിയുടെ കാവൽക്കാരന്റെ തീക്ഷ്ണമായ നോട്ടം രവയിൽ പതിച്ചതു്. "ഇതിലെ കടന്നുകൂടാ" എന്നു നിശ്ശങ്കം ആ കാവൽക്കാരൻ ഗർജ്ജിച്ചു. "ഉം, പാടില്ല" എന്നൊരു അനുശാസനയും. പാവം സാഹിത്യദാസന്റെ മേലുള്ള വിധി കഠിനമെന്ന് രവി ആദ്യമേ ശപിച്ചു.

രവി:- ഞാനൊരു സാഹിത്യദാസനാണ്.

കാവൽക്കാരൻ:- (ഗൌരവത്തോടെ) വിമർശനശരമേല്ക്കാത്ത സാഹിത്യസന്താനങ്ങളല്ലേ, നിങ്ങളുടേതു്.

ര:- സാഹിത്യക്കളരിയിൽ ഈയുള്ളവനും കുറച്ചു പയററിയിട്ടുണ്ട്.

കാ:- നിങ്ങൾ ഇനിയും ഒരു കവിയായി ഉയർന്നിട്ടില്ല.

ര:- ഇല്ലായിരിക്കാം. ഇന്നാള് പ്രസവിച്ചെന്നുകേട്ട ആ "പുരോഗമന" കുഞ്ഞിനെ എനിക്കൊന്നു കാണണം.

കാ:- ഇതെന്തു നേരംപോക്കപ്പാ! ആട്ടെ വയററിപ്പോക്കിന്നു വല്ലതും കൈവശമുണ്ടോ?

രവി:- ഒന്നുല്ലല്ലോ.

കാ:- പാവം, സാഹിത്യം ഒന്നും തരുന്നില്ല. അല്ലെ?

രവി:- ഒന്ന് കടത്തിവിടണേ!

കാ: മഹാരാജാവറിഞ്ഞാൽ തല കൊയ്യും.

ര:- സാഹിത്യസാമ്രാജ്യത്തിലും മഹാരാജാവുണ്ടോ?

കാവൽക്കാരൻ:- ഉണ്ട്.

ര:- എന്നാൽ ഞാൻ ചിലതു പറഞ്ഞുകൊള്ളട്ടെ. ആ കുഞ്ഞിനെ കണ്ടിട്ട്, ദാ, മടങ്ങുകയായി. പോരെങ്കിൽ വിമർശനക്കലവറയിൽ കടന്നുവാരി വല്ലതുംകിട്ടിയാൽ അതും സമ്മാനിച്ചേക്കാം.

കാ:- അതുകൊണ്ടെന്തുഫലം?

ര:- എൻെറ സമ്പാദ്യം അതൊന്നു മാത്രമാണ്.

കാ:- പിന്നെയെന്തിനിപ്പണിക്കിറങ്ങി

ര:- അതുതന്നെയാണ് ഞാനും വിചാരിക്കുന്നത്. ആ മൂർത്തി പ്രസാദിക്കാൻ പ്രയാസം.

കാ:- എജമാനനെങ്ങാൻ കണ്ടുപോയാൽ പിന്നത്തെ കഥ......

ര:- അതോടെ അവസാനം.

കാ:- ഈ നിങ്ങളാണൊ സാഹിത്യസേവ നടത്താൻ വിചാരിക്കുന്നതു്? നിങ്ങളും യഥാർത്ഥസാഹിത്യപ്രദർശനത്തിൽ ഒരു അമൂല്യവസ്തുവായി ചമയണം.

ര:- അതിനെല്ലാം നാലു കാശുവേണോ.

കാ:- അല്ലാതെ അടുക്കളയിൽ പതുങ്ങിക്കയറി പള്ളനിറക്കാമെന്നു ധരിച്ചുപോയി അല്ലെ?

ര:- അത്തരക്കാരായ ചിലരെപ്പോലെ ഞാനും...

കാ:- ആ സ്വപ്നം തരപ്പെടില്ല.

ര:- ചിലപ്പോൾ. ഇനിയെങ്കിലും...

കാ:- എന്നാൽ ഒന്ന് ചുററിക്കറങ്ങി മുട്ടെല്ല് ഒടിക്കാതെ വേഗം മടങ്ങിവന്നേക്കണം. കണ്ടാമണ്ടിയൊന്നും ഉണ്ടാക്കരുതേ!

രവി "ശരി"യെന്നു പറഞ്ഞുകൊണ്ട് പതുക്കെ പതുക്കെ ആ വാതിൽകടന്നുപോയി. പതിവുപോലെ ആ കാവൽക്കാരൻ പിന്നേയും ജാഗ്രതയോടെ കാവൽ തുടർന്നു. ആ സാഹിത്യദാസൻ പിറുപിറുക്കുകയാണ്:- "ഇതെന്തൊരു അനുഭവം. സുന്ദരസ്വപ്നങ്ങൾ നിറഞ്ഞതല്ല ഈ സാമ്രാജ്യം. പക്ഷെ, ആണൻതാനം. സാഹിത്യാരാമത്തിലെ ഭംഗിയേറിയ പൂമരമല്ലാത്ത ഈ ഞാനെന്തിന്, മനോഹരമായ അനേകം ചവിട്ടുപടികളുള്ള ഈ ഉന്നതസൌധത്തിൻെറ ഒന്നാമത്തെ ചവിട്ടുപടി, കേവലം അയോഗ്യമായ എൻെറ പാദങ്ങൾകൊണ്ട് മലിമസമാക്കി. അതെ ആശ......ദുഷ്ടാത്മാവല്ല എന്റേതു്. ഹേ, നക്ഷത്രങ്ങളെ! നിങ്ങളെങ്കിലും എൻെറ ഭാഗത്തു സാക്ഷി പറയണേ! പലരും ആ സൌധത്തിൽ സന്നിഹിതരായിക്കഴിഞ്ഞു. പക്ഷെ, ഞാൻ മാത്രം മടങ്ങിപ്പോരേണ്ടിവരുമൊ? അങ്ങിനെയാണെങ്കിൽ, ആ വിധി കടുത്തതുതന്നെ. വിധിയെഴുത്തുകാർ തെല്ലിട നില്ക്കണേ! ഞാനും ഒന്ന് ആ പദവിയിലെത്തിക്കൊള്ളട്ടെ! ഇവിടംവരെ വന്നസ്ഥിതിക്ക് ഏതായാലും ഒന്നു നടന്നു കണ്ടുകളയാം. അവിടത്തെ വിശേഷങ്ങൾ വേണമെങ്കിൽ നിങ്ങളും കേൾപ്പിൻ!. ആ സാഹിത്യപ്രണയി രവി പറയുകയാണ്, സരസഗംഭീര"സാഹിത്യശിരോമണി"കളുടെ "വട്ടമേശസമ്മേളനം"; തുഞ്ചനും കുഞ്ചനും എല്ലാം സന്നിഹിതരായിട്ടുണ്ട്. ഒ! തുഞ്ചൻതന്നെയാണല്ലൊ അദ്ധ്യക്ഷസ്ഥാനത്തിരിക്കുന്നത്. പ്രമേയവഷംകൊണ്ട് ചെവി കേൾക്കാനേ വയ്യ. ഒന്ന്, രണ്ട്, മൂന്ന്, അങ്ങിനെ ക്രമപ്രകാരം പ്രമേയങ്ങൾ ആലോചനയ്ക്കുവരുന്നു. സരസഗംഭീരമായ വാദപ്രതിവാദം! അങ്ങിനെയും ഇങ്ങിനെയും ഒരോന്നും പാസാക്കുന്നു. വേറൊരിടത്ത് മഹാകാവ്യം രചിക്കുവാൻ ചിലർ ശ്രമിക്കുകയാണ്. അപ്പോഴെനിക്കുമൊരു ജിജ്ഞാസ. എനിക്കെന്താ ഒരു മഹാകാവ്യം രചിച്ചാൽ? പക്ഷെ, ഞാനൊരു മഹാകവിയല്ല. കവിയേ അല്ല. മഹാകാവ്യം രചിക്കാത്ത ചില "പുത്തൻകൂററുകാർ" കൂടി ഇന്നു മഹാകവിപ്പട്ടം കെട്ടിനടക്കുന്നില്ലെ?

ഞാൻ കുറച്ചൊന്നു നടന്നു. ചെറുകവികൾ, നിമിഷകവികൾ എന്നിങ്ങനെ കവികളെ മുട്ടിയിട്ടൊരു പിടിപാടുമില്ല. അതെന്താ കാണുന്നതു്? യുവസാഹിത്യകാരന്മാരുടെ അത്താഴക്കോടതിയൊ? ഉം, ഞാനിന്ന് അത്താഴം കഴിച്ചിട്ടേയില്ല. ആ കഥ മറന്നുപോയി. ഇനി ഏതായാലും നാളെ ആവാം. പിന്നേയും കുറച്ചങ്ങു ഞാൻ നടന്നു. അപ്പോഴവിടെയുണ്ട് ഒരു ചെറുപ്രദർശനശാല കുറെ പുസ്തകങ്ങൾ നിവർത്തിവെച്ചിട്ടുണ്ട്. ഉസ്തക്കിടർവലടങ്ങൾ ചിലർ അങ്ങിനെ തട്ടിമൂളിക്കുകയാണ്. ഈ കാവ്യത്തിന് അലങ്കാരമില്ല. ജീവനായില്ല. ആ നിലയ്ക്ക് ഇതൊരു കാവ്യമേയല്ല. ആ കാണു

ന്നതൊരു കഥയല്ല. ആ നോവലിൽ "തല്ലുകൊള്ളി സാഹിത്യ"മാണുള്ളത്. പല നേരംപോക്കുമുണ്ട്. പക്ഷെ, വയററുപിഴപ്പിന്നു വകയില്ല. വേറൊരിടത്ത് കഥാകാരന്മാർ തടിച്ചുകൂടിയിരിക്കുകയാണ്. കഥാപുസ്തകങ്ങൾ അങ്ങിനെ മുറയ്ക്കു പുറത്തുവരുന്നു. അതിന്നും പല കുററവും കുറവുമുണ്ട്. അടുത്തതായി ഒരു പുസ്തകശാല. എത്ര മനോഹരം! ഒരു കാൎയ്യം ഓൎമ്മവന്നു. ആ വിമർശനക്കലവറ സന്ദർശിച്ചില്ലല്ലൊ? അതും ആയിക്കളയാം. ഇത്രയും പറഞ്ഞ് ആ രസികൻ പതുങ്ങിപ്പതുങ്ങി കലവറയുടെ അടുത്തായി.

അല്ലാ ആ കലവറക്കാരൻ ആ പതിഞ്ഞ കാലൊച്ച കേട്ടുകഴിഞ്ഞു. രവിയുടെ ഹൃദയം തുടിച്ചു. വാക്ശരപ്രവാഹത്തിൽ മുങ്ങിയേക്കുമൊ എന്ന് ഭയന്ന് "പുരോഗമന"ക്കുഞ്ഞിനെ കാണാൻപോയ ആ സാഹിത്യദാസൻ, കലവറക്കാരന്റെ കയ്യിൽനിന്നും തെററി ആ കുഞ്ഞിനെ കാണാതെ ബാണംപോലെ പുറത്തേക്കൊരററ ഓട്ടം ഓടി. കാവൽക്കാരനേയും തട്ടിയിട്ടു. കാവൽക്കാരൻ പടിക്കൽ കിടന്നു പിടയുന്നു. മുതുക്കൻവടി വഴിക്കുവെച്ചുതന്നെ തെറിച്ചുപോയി. മഷിക്കുപ്പി പൊട്ടി, അതിലെ കറുത്ത മഷിപോലുള്ള ഒരു കാളിമ രവിയുടെ ഹൃദയത്തിൽ വ്യാപിച്ചു. തൂലിക തെറിച്ച് ആ സാഹിത്യസാമ്രാജ്യപ്പടിവാതലിൽ അതിന്റെ മുന ഊക്കോടെ തറച്ചതോടൊപ്പം ആ വാതിലടഞ്ഞു. ഒടുവിൽ ആ വലിയ ഭാണ്ഡംമാത്രം മുതുകത്തു ശേഷിച്ചു ആ സാഹിത്യകാരന്റെ അന്തമററ ആ യാത്ര ഇനിയും അസ്തമിച്ചിട്ടില്ല. അതൊട്ട് അവസാനിക്കുമെന്നും തോന്നുന്നില്ല. രവി ഇന്ന് സാഹിത്യസേവകനെന്ന സ്ഥാനം എന്നന്നേക്കുമായി കരസ്ഥമാക്കിക്കഴിഞ്ഞു. പക്ഷെ, ആ നിലയ്ക്ക് നില്ക്കുന്നില്ലെങ്കിലും ആ ഒററ ഓട്ടത്തിന്റെ വില പേശുന്നു. ജീവിതാവസാനത്തോടെ ആ യാത്രയുമവസാനിക്കുമെന്ന് എല്ലാവരെപ്പോലെ രവിക്കുമറിയാം. ഇന്നും രവി പിറുപിറുക്കുന്നതു കേൾക്കാം. "ആ ദുർഘടയാത്ര, അന്തമററവഴി, പക്ഷെ ഇന്നു ഞാൻ ജയിച്ചു."


# ജ്യോതിഷകാൎയ്യാലയം.

നാട്ടരശൻകോട്ട, രാമനാഡ് ജില്ല.

---

ആവശ്യോന്മുഖങ്ങളായ മൂന്നു ചോദ്യങ്ങൾക്ക് ഉത്തരമയച്ചുതരുവാൻ ആദ്യം മൂന്നുറുപ്പികമാത്രം. പിന്നീടുള്ള ഓരോ ചോദ്യങ്ങൾക്കും ഫീസ്സ് 8ണ. വീതം.

## മാന്യരേ! ഞങ്ങളുടെ കാൎയ്യാലയത്തിൽ

ഗ്രഹസ്ഫുടഗണിതം ചെയ്തെഴുതുന്ന ജാതകത്തിന്ന് ഫീസ്സ് 10ക. ഭാവസ്ഫുടവും ഗ്രഹസ്ഫുടവും ഗണിതംചെയ്തെഴുതുന്നതിന്ന് ഫീസ്സ് 20ക. ബലപിണ്ഡംവരെ ഗണിതം ചെയ്തെഴുതുന്ന ജാതകത്തിന്ന് ഫീസ്സ് 50ക. ആയുർദ്ദായം ഗണിതംചെയ്ത് നക്ഷത്രദശാഭുക്തികാലവിചിന്തനത്തിൽകൂടി എഴുതുന്ന സമ്പൂൎണ്ണജാതകത്തിന്ന് ഫീസ്സ് 150ക. ആവശ്യമനുസരിച്ച് പരഹിതം, ദൃക്ക്, ഗണിതനിൎണ്ണയം (പുതിയമുറ) എന്നീ പദ്ധതികളിൽ കൂടി ഗണിതംചെയ്തുകൊടുക്കുന്നതാണ്.

എന്ന് വിശേഷപ്രവൎത്തകന്മാർ,

ശ്രീ. കെ. എം. ബാലകൃഷ്ണൻ. ശ്രീ. കെ. കെ. സുകുമാർ.

# മനുസ്മൃതിഭാഷ.

(പണ്ഡിതർ, ശ്രീ. ഇ. വി. രാമൻനമ്പൂതിരി)

—*തുടൎച്ച*—

ജനങ്ങൾകാണ്കെക്കടയിൽ-നിന്നുമൂല്യംകൊടുത്തൊരാ
വാങ്ങിയ്ക്കുംശുദ്ധമാംവസ്തു-ന്യായത്തിലവനുള്ളതാം. (ർം
(201
വിറ്റോ,നസ്വാമിയെങ്ങോപോയ്; നേരെവാങ്ങിച്ച
താംമുതൽ;
ക്രേതാവദണ്ഡ്യൻതാനിങ്ങു-പണംസ്വാമിയ്ക്കുനല്കണം
ഒന്നുമറ്റൊന്നോടിണക്കി-വില്ക്കൊലാതുല്യസാധ (202
മെച്ചമെന്നോതിയുംതുക്കം-കുറച്ചുംമട്ടുമാററിയും 203 (ന്ധം
ഒരുകന്യകയെക്കാട്ടി-വേറൊരുത്തിയെ നൽകുകിൽ
ഒരേശുല്കംകൊണ്ടുവര-ന്നേല്ക്കാംരണ്ടിനെയു ദ്വഹം. 204
ഉന്മത്തയോ,കുഷ്ഠിനിയോ-കൃതമൈഥുനയോ നയോ,
ദോഷമോതിക്കൊടുക്കപ്പെ-ട്ടീടിൽ ദാതാവദണ്ഡ്യനാം.
യാഗത്തിലൃത്വിക്കായേകൻ-ഇടയ്ക്കുതുമ്പേക്കുകിൽ (205
തൽകൎമ്മാനുഗുണംകൂട്ട-രൊത്തുദക്ഷിണനല്കണം. 206
*ദക്ഷിണത്തുകവാങ്ങീട്ടു-തൽകൎമ്മംവിട്ടുപോകുവോർ.
സ്വാംശമെപ്പററിമററാളേ-ക്കൊണ്ടാക്കൃത്യം നടത്തണം.
*പ്രത്യങ്ഗംദക്ഷിണവിധി-യുള്ളകൎമ്മത്തിൽവാ(207
ങ്ങിയോൻ
തനിച്ചെടുക്കയോവീതി-ച്ചെല്ലാരുംകൊൾകയോ മറി
തം? 208
രഥമധ്വൎയ്യുവുംബ്രഹ്മൻ-വേഗംകൂട്ടംഹയത്തെയും
ഹോതാവശ്വത്തെയുംനൽച്ചാ-ട്ടുദ്ഗാതാവുമെടുക്കണം
പാതിവീതംസൎവ്വമുഖ്യ-ൎക്കടുത്തോൎക്കതദൎദ്ധമാം (209
മൂന്നൊന്നുപിന്നോത്തവൎക്കും-നാലൊന്നാംബാക്കിപേൎക്കു
തു്. 210
കൂട്ടായ്മപ്പണിചെയ്വോരീ-വിധിയ്ക്കൊത്തവിധംസദാ
പകുക്കണംസ്വസ്വഭാഗം-പാത്രഗൌരവലാഘവം. 211
ധൎമ്മാൎത്ഥമൊന്നേകിവാക്കാൽ-മുതൽതാൻഅതഥാന്യ
വാങ്ങിയോൻചെയ്കില്നല്കേണ്ടാ-ദത്താതിരിയെ (ഥാ
വാങ്ങിടാം. 212
ദൎപ്പലോഭങ്ങളാൽദത്തം-തിരിച്ചേകായ്കയോ ബലാൽ
വാങ്ങുദത്തംകൊൾകയോചെയ്താൽ-സ്വൎണ്ണംദണ്ഡ്യൻസ്വ
പന്നവൻ. 213
ദത്താനപക്രിയയിതിൻ-മട്ടാംധൎമ്മപഥോദിതം (214
ഇനിഞാൻപറയാംവേത-നാനപക്രിയവേണ്ടപോൽ.
അനാൎത്തൻഭൃതികൻദൎപ്പാൽ-പണിചെയ്യായ്കിലേററ
പോൽ,
കൃഷ്ണലംനല്കേണ്ടവനെട്ടു-കൃഷ്ണലംദണ്ഡമേകണം. 215
ആൎത്തനെങ്കിൽസ്വസ്ഥനായി-ട്ടേററപോൽപണിതീൎക്ക
കാലംകടന്നുപോയാലും-വേതനാൎഹനവൻദൃഢം. (ണം
ആൎത്തനോസ്വസ്ഥനോജോലി-ചൊന്നപോൽചെ(216
യ്തിടാതെയും, (217
ചെയ്യിയ്ക്കാതെയുമായാൽനൽകേണ്ടചെയ്തതിനുംഭൃതി.
ഇതാണുവേതനാദാന-കൎമ്മത്തിൻധൎമ്മ്യമാംസ്ഥിതി
ഉടമ്പടിതകൎപ്പോർതൻ-ധൎമ്മമോതാമിനിക്രമാൽ. 218
സത്യംചെയ്തിന്നമട്ടാമെ-ന്നാർദേശഗ്രാമസംഘമായ്
പറഞ്ഞൊത്തതുലോഭത്താൽ-ചെയ്യാനിൎവ്വാസ്യനാണ
വൻ. 219
അസ്സത്യലംഘിയേശ്ശാസി-ച്ചുടൻചെയ്യിയ്ക്കണം പിഴ;
സ്വൎണ്ണംനാലോനിഷ്കമാറോ-*രാജതംശതമാനമോ.
ഇമ്മട്ടുദണ്ഡനല്കേണം-ധാൎമ്മികൻനരപാലകൻ(220
ഗ്രാമജാതിസമൂഹത്തിൽ-സത്യാതിക്രമികൾക്കുടൻ.
221
കൊടുത്തോവാങ്ങിയോപിന്നെ-അത്രാനുശയമേല്ക്കുകി
പത്തുനാൾക്കകമാവസ്തു-വാങ്ങാംനല്കാംയഥാവിധി.(ൽ
(തുടരും) 222

---

'മധ്യന്ദിനസവനാ'ദിയാണ് ഇതിനു വിഷയം.* 'ആധാനാ' ദിയാണ് ഈ ശങ്കക്ക് വിഷയം. 210–'തംശതേനദീക്ഷയതി'–എന്നു ശ്രുതി. ആ യാഗത്തിന്ന് 16 ഋത്വിക്കുകൾ. അവരിൽ മുഖ്യർ, ഹോതാവ്, അധ്വൎയ്യു, ബ്രഹ്മൻ, ഉദ്ഗാതാവ്–എന്നു 4പേർ. അവൎക്കു നൂറിന്റെ പാതിയോളമായ 48കൊണ്ട്, 12വീതം ഗോക്കൾ. മൈത്രാവരുണൻ, പ്രതിപ്രസ്ഥാതാവു,ബ്രാഹ്മണാച്ഛംസി, പ്രസ്തോതാവ്– എന്ന അടുത്ത 4-പേൎക്ക് തദൎദ്ധം–ആറാറുവീതം, അച്ഛാവാക്ക്, നേഷ്ടാവ്, ആഗ്നീധ്രൻ, പ്രതിഹൎത്താവ്–എന്നിവൎക്കു 48–ന്റെ മൂന്നിലൊന്നു, 16–വീതം, ഗ്രാവസ്തുദ്, ഉന്നേതാവ്, പോതാവ്, സുബ്രഹ്മണ്യൻ എന്ന നാലുപേൎക്കു 48–ന്റെ നാലിലൊന്നു–12കൊണ്ടു മുമ്മൂന്നു വീതവും, പശുക്കൾ 'ജ്യോതിഷ്ടോമ'മെന്ന യാഗത്തിനാണു ഇങ്ങനെയുള്ള ദക്ഷിണ വിധിച്ചിരിയ്ക്കുന്നതു്.

* 320– കുന്നിയിട വെള്ളി.

# പാണ്ഡിത്യലക്ഷണം ഔദ്ധത്യമോ!

(ദേവീദാസൻ)

## II

പൊതുവിൽ ഗർവ്വിഷ്ഠന്മാരായ ചില പുരാണപുരുഷന്മാരേയും, ചക്രവർത്തിമാരെയും മററും ഉദ്ധതരെന്നു തുറന്നുപറയുവാൻ ഞാൻ തുനിഞ്ഞതു്, ഇന്നു നമ്മുടെ സാഹിത്യം, ശാസ്ത്രം, സമുദായം മുതലായ ചില പ്രധാന വകുപ്പുകളിലും സൂക്ഷ്മമായി കണ്ണോടിച്ചാൽ ഗർവ്വിന്റെ വിളനിലമായിരിക്കുന്ന ചിലരെ കാണ്മാൻ കഴിയുമെന്നു ഖണ്ഡിച്ചുപറയുന്നതിനു ഒരു മുഖവുരയെന്നോണമാകുന്നു. ഭാഷാസാഹിത്യലോകത്തിലുള്ള ചില പ്രത്യേകവ്യക്തികളെപ്പററിയാണു് എനിക്കു ഈ സന്ദർഭത്തിൽ കാര്യമായി നിരൂപണംചെയ്യുവാനുള്ളതു്. എന്തെന്നാൽ സാഹിത്യവിദഗ്ദ്ധന്മാരെന്നു സ്വയംഅഭിമാനിക്കുന്ന ചില വിദ്വച്ഛിരോമണികളാണു്, തങ്ങൾ "കൂപമണ്ഡൂകങ്ങ"ളാണെങ്കിൽക്കൂടി, നിസ്സീമമായ ഗർവ്വംമൂലം "നിലവിട്ടുകളിക്കുന്ന" വരെന്നു ഞാൻ സമർത്ഥിക്കാം. അടുത്തകാലത്തു് നമ്മുടെ ഭാഷാസാഹിത്യലോകത്തിലുള്ള ഒരു ഉറച്ച പണ്ഡിതൻ—അദ്ദേഹം പഠിച്ചുപഠിച്ചു പഴക്കവും പരിചയവും സമ്പാദിച്ച ഒരാളാണുപോലും!—പത്രപംക്തിവഴിയായി തന്റെ ഔദ്ധത്യത്തെ നഗ്നമായി വെളിപ്പെടുത്തിയതു് ഏതാണ്ടിപ്രകാരമാണത്രെ:- ഭാഷാസാഹിത്യലോകത്തിൽ ഇന്നു ചിലർ ഞാൻ ഉദ്ധതനാണെന്നു പറയുന്നു; ശരിതന്നെ, എന്റെ ഔദ്ധത്യം എന്നോടു എതിർക്കുന്നവരെ മർദ്ദിക്കുവാൻ ഞാൻ സർവ്വശക്തിയുമെടുത്തുപയോഗിക്കും. തന്മൂലം ഞാനുദ്ധതനാണെന്നുതന്നെവന്നോട്ടെ......

ഇപ്രകാരമൊരു പത്രപ്രസ്താവനചെയ്തതു ഇന്നു കേരളത്തിൽ കേങ്കേമനാണെന്നു കണക്കാക്കപ്പെടാവുന്ന ഒരു സംസ്കൃതപണ്ഡിതനാണെന്നു കേൾക്കുമ്പോൾ അയാൾക്കു "പണ്ഡിതമ്മന്യപദവി"യല്ലേ നൽകേണ്ടതു്? പഠിപ്പുകൊണ്ടു പല ബിരുദവും നേടിയ ആ വമ്പൻ പറയുന്നതു, "ഞാനുദ്ധതനായിരിക്കട്ടെ"യെന്നാണു്. അദ്ദേഹം ഒരു "എക്ലാസ്സ് സംസ്കൃതക്കുട്ടി"യാണു്. പേരെങ്കിൽ ശാസ്ത്രവിഷയത്തിൽ മഹാവിരുതനുമാണു്. അദ്ദേഹം തന്റെ പഠിപ്പിന്റെ ഫലം ഔദ്ധത്യത്തിൽ പരിണമിക്കുവാനിടവരുമെന്നു സ്വയം ജല്പിച്ചതു്, അദ്ദേഹത്തെ കേവലം "പുസ്തകപ്പുഴു"വെന്നു നമുക്കു കരുതുവാൻ സംഗതിയാക്കിയിരിക്കുന്നു ഭൂമിയിൽ വൃക്ഷങ്ങൾകൂടി ഫലസമൃദ്ധങ്ങളാകുമ്പോൾ തലതാഴ്ത്തുന്നതു ആ മൂപ്പർക്കു് അനുഭവപ്പെടാഞ്ഞിട്ടായിരിക്കാം! അദ്ദേഹത്തിന്നു്,

"ഗ്രന്ഥം കരത്തിലുണ്ടായാൽഫലമില്ല
പാഠത്തിലർത്ഥം ഗ്രഹിച്ചുചിതംവരൂ"

എന്ന കുഞ്ചന്റെ സാരോപദേശം മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലെന്നുകൂടി നാം സമർത്ഥിക്കുന്നതിൽ യുക്തിഭംഗമുണ്ടെന്നു തോന്നുന്നില്ല. പുസ്തകങ്ങൾമാത്രം "കരണ്ടുതിന്നുന്ന" ഇത്തരക്കാരായ മർത്ത്യമൂഷികന്മാരെ ആരും ഒരിക്കലും ബഹുമാനിക്കുമെന്നു തോന്നുന്നില്ല. അവരാകട്ടെ, തങ്ങളുടെ നീചമായ മനസ്ഥിതിയ്ക്കനുസ്സരമായി സാഹിത്യപരമായ ഏതു സംഗതിയിലും കാമ്പില്ലാത്ത വാദം പുറപ്പെടുവിക്കുവാൻ സന്നദ്ധരാണു്. "താൻപിടിച്ച മുയലിന്നു രണ്ടുകൊമ്പല്ല, നാലുകൊമ്പുണ്ടെന്നു" ഉച്ചൈസ്തരംഉൽഘോഷിക്കുന്ന "മർക്കടമുഷ്ടി" ക്കാരാണിത്തരക്കാർ. അവർക്കു പുസ്തകങ്ങൾ ഉരുവിട്ടുകിട്ടുന്ന വിജ്ഞാനപ്രകാശം നിസ്സീമമാണെങ്കിൽക്കൂടി അതിന്റെ പ്രതിഫലനം അവരുടെ ഔദ്ധത്യമാകുന്ന തമസ്സിൽ തീരെ മങ്ങിപ്പോകുന്നു. അവരുടെ മനസ്സിന്നു ഒരിക്കലും വികാസമുണ്ടാകുന്നില്ല. എല്ലാവരെക്കാളും ഉയർന്നവരാണു തങ്ങൾ എന്നാകുന്നു അപ്രകാരം പഠിച്ച പണ്ഡിതമ്മന്യന്മാർ പുലമ്പുന്നതു്. അവർക്കാകട്ടെ, ദുരഭിമാനവും ദുർവ്വാശിയും നിറഞ്ഞ തങ്ങളുടെ ഹൃദയത്തിൽ സമത്വത്തിന്നും, സത്യത്തിന്നു, സ്വാതന്ത്ര്യത്തിന്നും കടന്നുകൂടുവാൻ ഇടമില്ലെന്നു വരുന്നു. അപ്പോഴാണു് ആവക ദുഷിച്ച മനസ്ഥിതിക്കനുകൂലമായ ഭാഷയിൽ അവർക്കു വല്ലതും വാരിവലിച്ചെഴുതുവാൻ തോന്നുന്നതു്. യഥാർത്ഥസാഹിത്യകാരന്മാർക്കു ശരിയായ മനോവികാസം അത്യാവശ്യമാണു്. ഗർവ്വിഷ്ഠരായ പണ്ഡിതവർയ്യന്മാർക്കു മനസ്സിന്നെങ്ങിനെ വികാസമുണ്ടാകും? അതുകൊണ്ടുതന്നെയാണു അവരിൽ മിക്കവരുടെയും ഭാഷ അവരുടെ ആകൃതിക്കും പ്രകൃതിക്കും യോജിച്ച വിധത്തിൽ മലീമസമാകുന്നതു്. ഈ സാർവ്വഭൗമികമായ തത്വം മനസ്സിലാക്കുവാൻ തക്കബുദ്ധിശൂന്യത അവർക്കില്ലെന്നു ഞാൻ വാദിക്കുന്നില്ല. പക്ഷേ, "ആരെന്തുപറഞ്ഞാലും ഞാൻ കൂട്ടാക്കില്ല; ഞാൻ പറയുന്നതാണു വേദവാക്യ"മെന്നു നിർല്ലജ്ജം തുറന്നുപറയുന്ന അത്തരക്കാരുടെ മസ്തിഷ്കത്തിൽ സാരവത്തായ തത്വങ്ങൾ കുറച്ചെങ്കിലും കുത്തിച്ചെലുത്തുവാൻ ആരെങ്കിലും ശ്രമിക്കുന്നതു കേവലം പാഴ്വേലയായേ പരിണമിക്കൂ.

ഉദ്ധതനായ ഒരു പണ്ഡിതനെപ്പററി അഥവാ ഉദ്ധതന്മാരായ പണ്ഡിതന്മാരെപ്പററി ഇപ്രകാരമെല്ലാം

# പ്രസാധകക്കുറിപ്പുകൾ.

## നീലേശ്വരം പരിഷത്സമ്മേളനം.

സമസ്തകേരളസാഹിത്യപരിഷത്തിന്റെ 20-ാം സമ്മേളനം ഭാഷാപരമായി നോക്കുമ്പോൾ വടക്കേ മലയാളമാണെന്നു പറയാവുന്നതെങ്കിലും കണ്ണാടകജില്ലയിലെ നീലേശ്വരത്തു ഭംഗിയായി നിർമ്മിക്കപ്പെട്ട "കുട്ടമത്തുനഗരി"യിൽവെച്ചു ഇതിനിടെ സാഘോഷം കൊണ്ടാടപ്പെട്ടിരിക്കുന്നു. എന്നാൽ, യഥാർത്ഥത്തിൽ സമസ്തകേരളസാഹിത്യപരിഷത്തിന്റെ (റജിസ്റ്റർചെയ്ത സ്ഥിരം പരിഷത്തിന്റെ) കാര്യമായ ആഭിമുഖ്യമോ, പറയത്തക്ക സഹകരണമോ നീലേശ്വരം പരിഷത്തിൽ കാണ്മാനിടവന്നിട്ടില്ലെന്നുള്ള ചില പത്രറിപ്പോർട്ടുകളെപ്പററി ഞങ്ങൾ ഇപ്പോൾ ഇവിടെ വിമർശിക്കുവാൻ തയ്യാറില്ല. "ആസ്ഥാനകവിസ്ഥാനം" സിദ്ധിച്ച മഹാകവി വള്ളത്തോളിനെ ഹാർദ്ദമായി സ്വീകരിച്ചു അദ്ദേഹത്തിന്നു സമുചിതമായ ഒരു ഉപഹാരം സമർപ്പിച്ച നീലേശ്വരം പരിഷൽഭാരവാഹികളുടെ മാതൃഭാഷാസ്നേഹസൂചകമായ ഔചിത്യത്തെ ഞങ്ങൾ നിർവ്യാജം അഭിനന്ദിക്കുന്നു. മഹാകവി വള്ളത്തോൾ, ശ്രീമാന്മാരായ ആററൂർ കൃഷ്ണപിഷാരോടി, കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജാ, പെരു സമാന്യാഭിപ്രായം ഞാൻ പറയുവാൻ തുനിഞ്ഞതു്, ഈ ലേഖനത്തിന്നു ഹേതുഭൂതൻ "പാച്ചുപതിറ്റെട്ടവുംകൂടി പഠിച്ച" ഒരു പഴയ പണ്ഡിതസാർവ്വഭൌമനാകയാലാണെന്നു ഇതിനകം വിശദമായല്ലോ. വാസ്തവത്തിൽ, അയാളുടെ സ്വകപോലകല്പിതങ്ങളായ ചില പ്രസ്താവനകളാണ് ഈ ഉപന്യാസത്തിന്നു ബീജമെന്നും മാന്യവായനക്കാർ മനസ്സിലാക്കുന്നതത്യാവശ്യമാണ്. ആ "മഹാശയനു" അഥവാ "അവതാരനെ"ന്നു പുലമ്പുന്ന അദ്ദേഹത്തിന്നു ഇന്നു ഭാഷാസാഹിത്യലോകത്തിലെന്തൊരു സ്ഥാനമാണുള്ളതെന്നുകൂടി നമുക്കൊന്നു പരിശോധിക്കാം.

ഭാഗ്യംകൊണ്ടോ, അഥവാ യോഗംകൊണ്ടോ അദ്ദേഹം, അല്ലെങ്കിൽ അങ്ങിനെയുള്ള ഒരാൾ ഉന്നതമായ ഒരു സ്ഥാനത്തിന്നവകാശിയായിത്തീർന്നുവെന്നു പറയാം. എന്നാൽ, "മൊട്ടേലെശീലം ചുടലേലും" എന്ന പഴമൊഴിപോലെ, അദ്ദേഹത്തിന്റെ പഠിപ്പിന്റെ മേന്മ തനിക്കു സഹജമായ ദുർഗ്ഗുണത്തിനാൽ തിരെ പ്രശോഭിക്കാനിടവന്നിട്ടില്ല. അതുകൊണ്ടുതന്നേയാണ് അദ്ദേഹം എഴുതിക്കൂട്ടുന്ന "കടിച്ചാൽപ്പൊട്ടാത്ത ഭാഷ"യിലുള്ള ഒട്ടുനേകം ഗ്രന്ഥങ്ങൾ ഭാഷാസാഹിത്യഭണ്ഡാരത്തിൽ ഒരുതരത്തിൽ "മുതൽക്കൂട്ടാ"യിട്ടുകൂടി, അവയ്ക്കു പൊതുവിൽ നിർമ്മത്സരമതികളായ സാഹിത്യനിരൂപകന്മാരുടെ സമ്മതി ലഭിക്കുവാൻ സാദ്ധ്യമാകാത്തതു്. ഇന്നു ഭാഷാസാഹിത്യലോകത്തിലുള്ള ഏതെങ്കിലും പത്രവും, മാസികയും എടുത്തുനോക്കുക. നമ്മുടെ പണ്ഡിതൻ "കാളമൂത്രം" പോലെ കർക്കശമായ ഭാഷയിലെഴുതുന്ന ലേഖനങ്ങൾ ധാരാളം കാണാം. അവയാകട്ടെ, പ്രസ്തുത പത്രങ്ങളിലും മാസികകളിലും "കേവലം സ്ഥലംമുടക്കികളായി" തന്നെയിരിക്കുന്നു എന്നാൽ ആ മൂപ്പരുടെ അഭിമാനം, അഥവാ ദുരഭിമാനമെന്നു പറയുകയാണു നല്ലതു്, തന്റെ ലേഖനങ്ങളാണു ഇന്നു് അർത്ഥപുഷ്ടിയും ശബ്ദഭംഗിയും തികഞ്ഞ സാഹിത്യരത്നങ്ങളെന്നാകുന്നു. "ഘടദീപ"മായ അദ്ദേഹത്തിന്നു അഥവാ ലോകസ്വഭാവനിരീക്ഷണത്തിന്നു സാധിക്കാത്ത ആ പാവപ്പെട്ട പണ്ഡിതമ്മന്യന്നു അപ്രകാരമൊരു തിരാവ്യാധി പിടിപെട്ടിട്ടുണ്ടെങ്കിൽ അതു മാറുവാൻതക്ക കെല്പുള്ള സാഹിത്യനിരൂപകന്മാരായ ഭിഷഗ്വര്യന്മാർ ഇക്കാലത്തു നമ്മുടെയിടയിൽ ധാരാളമുണ്ടു്. പക്ഷേ, ദുരഹങ്കാരം ശിരസ്സുകവിഞ്ഞ ആ മർക്കടമുഷ്ടിക്കാരനെ ശരിയായ വഴിയിലേയ്ക്കു നയിക്കുവാൻ ആർക്കും അത്ര ഉത്സുകത കാണുന്നില്ല. കാരണം, അദ്ദേഹത്തിന്റെ നീചമായ മനസ്ഥിതിയാവണം. അതുകൊണ്ടു അദ്ദേഹത്തിന്നു ഭാഷാസാഹിത്യലോകത്തിൽ തനിക്കു താൻതന്നെ കല്പിച്ച "ഉദ്ധതൻ" എന്ന സാർത്ഥകമായ പേർകൊണ്ടു് തന്നെ പ്രസിദ്ധനായി—കുപ്രസിദ്ധനായി എന്നുതന്നെ പറയാം—ചിരകാലം ജീവിച്ചിരിപ്പാൻ സംഗതിവരട്ടെ!

"പൊങ്കായ് ചിട്ടനമരമാകിലുമായതപ്പോൾ
താങ്ങാച്ചുകെന്നുകളേ! മലയാളസിദ്ധം"

എന്ന കവിവാക്യാനുസരണം, മഹാപണ്ഡിതനാണെങ്കിലും, ഗർവ്വംകൊണ്ടു കണ്ണുകാണാതെ നടക്കുന്ന ആ മനുഷ്യനെപ്പോലെയുള്ളവർ എത്രതന്നെ പഠിപ്പുള്ളവരായാലും, അവർ സഹൃദയസമക്ഷത്തിൽ തിരെ പരിത്യജിക്കപ്പെടുമെന്നുള്ളതു സർവ്വവിദിതമായ ഒരു തത്വമാണ്. അഗാധമായ പാണ്ഡിത്യം ചിലരെ ഉദ്ധതരാക്കുന്നതു സ്വാഭാവികമാണെന്നു ഇനിയും വഴിയേ പല ഉദാഹരണങ്ങളും ഉദ്ധരിച്ചു ഇയ്യുള്ളവൻ പ്രസ്പഷ്ടമാക്കിക്കൊള്ളാം.

—:o:—

ണ്ണിക്കളം ഗോപാലക്കുറുപ്പ് (ശ്രീ. ജി. ശങ്കരക്കുറുപ്പിന്റെ അസാന്നിദ്ധ്യത്തിൽ), ഒട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട് തുടങ്ങിയ മാന്യസഹൃദയന്മാരുടെ അദ്ധ്യക്ഷതയിലാണു യഥാക്രമം പരിഷത്തിനെ സംബന്ധിച്ച പല ഉപവകുപ്പുകളുടെയും സമ്മേളനങ്ങൾ നടന്നതെന്നു കാണുന്നു. അവയിൽ ശ്രീ കൃഷ്ണപിഷാരോടി, വടക്കുംകൂർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന സമ്മേളനങ്ങൾ വിദ്വദ്രസികന്മാരെ വളരെ സന്തുഷ്ടരാക്കുവാൻ കൂടുതൽ സഹായിച്ചില്ലെങ്കിൽ വിജ്ഞാനകാംക്ഷികൾക്കു പരമാനന്ദസന്ദായകമായിരുന്നു എന്നാണു പരക്കെ ജനസംസാരം. സംസ്കൃതഭാഷയുടെ മാഹാത്മ്യത്തെക്കുറിച്ചു ആറ്റൂരും, ശാസ്ത്രപ്രാമാണ്യത്തെ ആസ്പദിച്ചു വടക്കുംകൂറും ചെയ്ത അതിപ്രൗഢങ്ങളായ പ്രസംഗങ്ങൾ വാസ്തവത്തിൽ സഹൃദയർക്കു സാരമേറിയ ഉപദേശങ്ങൾതന്നെയായിരുന്നു. സാഹിത്യപരിഷത്തിനെപ്പോലെ സംസ്കാരാഭിവൃദ്ധിയെ ഉദ്ദേശിച്ചുള്ള പ്രൗഢങ്ങളായ മഹാസദസ്സുകളിൽ അത്തരത്തിലുള്ള ഘനമേറിയ പ്രസംഗങ്ങളാണാവശ്യമെന്നുള്ള പരമാർത്ഥം ഞങ്ങൾ തുറന്നുപറയുമ്പോൾ ഇന്നത്തെ സാഹിത്യരസികന്മാരിൽ ചിലർ നെററിചുളിക്കുവാനിടയുണ്ട്. പക്ഷേ, കാര്യം തുറന്നുപറയുന്നതിൽ മുഖംനോക്കണമെന്നില്ലല്ലോ.

* * *

മഹാകവി വള്ളത്തോളിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ, സമസ്തകേരളസാഹിത്യപരിഷത്ത് ഭാഷാഭിവൃദ്ധിയെ ലാക്കാക്കി പ്രായോഗികമായ യാതൊരു പ്രവർത്തനങ്ങളിലുമേർപ്പെടുന്നില്ലെന്നും, തന്മൂലം പരിഷത്തു പിരിച്ചുവിടേണ്ടതാണെന്നും മററുമുള്ള മുണ്ടശ്ശേരി പ്രഭൃതികളുടെ ചില ആക്ഷേപങ്ങൾക്കു, അദ്ദേഹം (വള്ളത്തോൾ) കൊടുത്ത സമാധാനം, എത്രയോ അധികം ഭാഷാസ്നേഹികൾ ഒത്തൊരുമിച്ചു ഒരു സ്ഥലത്തു കൂടുവാനിടവരുന്നതും, അവർ സൌഹാർദ്ദത്തോടെ പെരുമാറുവാൻ സംഗതി വരുന്നതുംതന്നെ പരിഷത്സമ്മേളനഫലമായ ഒരു പ്രധാനപ്പെട്ട നേട്ടമാകയാൽ ഒരിക്കലും പരിഷത്തു പിരിച്ചുവിടരുതെന്നും മററുമുള്ളതായിരുന്നു.

* * *

സാഹിത്യവകുപ്പിനെസംബന്ധിച്ചുണ്ടായ സമ്മേളനത്തിൽ യുവസാഹിത്യകാരന്മാർ ചിലർ—പേരൊന്നും ഇവിടെ പറയുന്നില്ല അശ്ലീലമായ ആശയം, ഭാഷ എന്നിവയുടെ പ്രയോഗത്തിൽ പ്രസക്തരാകുന്നതിനെ കഠിനമായി ചില പ്രാസംഗികന്മാർ ആക്ഷേപിക്കുകയും, യഥാർത്ഥസാഹിത്യത്തിന്റെ ഉത്തമമായ ഉദ്ദേശത്തെ പ്രത്യേകം എടുത്തുപറയുകയുമുണ്ടായെന്നുള്ളതു ശരിയായ ഭാഷാഭിമാനമുള്ളവർക്കു പൂർണ്ണമായ സന്തുഷ്ടിക്കു കാരണമായിട്ടുണ്ട്. എന്നാൽ, പ്രകൃതപ്രസംഗങ്ങൾക്കു എതിരായി ചിലർ പ്രസ്താവിക്കുകയും, അവയിൽ അശ്ലീലദുഷ്ടങ്ങളായ പല സംഗതികളുമുൾപ്പെടുകയും ചെയ്തിരുന്നുവെന്നു പറയപ്പെടുന്നതു പരമാർത്ഥമാണെങ്കിൽ അതു പരിതാപകരമാണെന്നു പറഞ്ഞേ കഴിയൂ.

* * *

ഉള്ളൂരിന്റെ "കർണ്ണഭൂഷണ"മെന്ന കാവ്യത്തെപ്പററി പ്രൊഫസ്സർ മുണ്ടശ്ശേരി കഥയില്ലാതെ മുമ്പു കുറെ പുലമ്പുകയുണ്ടായിട്ടുണ്ടല്ലോ. ആ വിദ്വേഷജനകമായ ആക്ഷേപങ്ങൾക്കു ശ്രീ. കരിമ്പുഴ രാമകൃഷ്ണൻ പറഞ്ഞ സമാധാനം സമുചിതമായ ഒന്നാണെന്നു സമ്മതിക്കാം. ശ്രീ. ഒട്ടൂർ ഉണ്ണിനമ്പൂതിരിപ്പാടിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗം കേവലം ഭക്തന്മാർക്കുമാത്രം രുചിപ്രദമായിരുന്നുവെന്ന കാരണത്താൽ പ്രസ്തുതയോഗത്തെ "രാമനാമജപസമ്മേളന"മെന്നു പരിഹാസരൂപത്തിൽ ആക്ഷേപിക്കുന്നവർ പലരുമുണ്ടെങ്കിൽ, ജനസാമാന്യം ഭിന്നരുചിപ്രദർശിപ്പിക്കുന്നതു സ്വാഭാവികമാണെന്നും, ആസ്തിക്യബോധത്തിനു ഇന്നു പൊതുവിൽ പ്രസക്തിയില്ലാതാക്കുവാൻ ബദ്ധകങ്കണരാകുന്ന ചില പുതിയ സാഹിത്യരസികന്മാരുടെ അത്തരത്തിലുള്ള സംരംഭങ്ങൾക്കു നാം പ്രോത്സാഹനം നൽകുന്നതു ഒരു വലിയ അപരാധമാകുന്നുവെന്നുമാകുന്നു ഞങ്ങളുടെ പ്രബലമായ അഭിപ്രായം.

* * *

പരിഷത്സമ്മേളനത്തോടനുബന്ധിച്ചു മഹാകവി വള്ളത്തോളിന്റെ പ്രത്യേകാഭിമുഖ്യത്തിൽ നടന്ന കഥകളി വളരെ നന്നായെന്നുതന്നെയാണറിയുന്നതു. കൂടാതെ, ഓട്ടംതുള്ളൽ, പൂരക്കളി തുടങ്ങിയവയും ഭംഗിയായി പ്രദർശിപ്പിക്കപ്പെടുകയുണ്ടായതെൽ, ഒരു ഹരികഥാകാലക്ഷേപം ഏറെക്കുറെ അരങ്ങു മുഷിപ്പിക്കുവാനാണു കൂടുതൽ സഹായിച്ചതെന്നു പ്രസ്താവിക്കപ്പെട്ടുകാണുന്നു. ആകപ്പാടെ, നീലേശ്വരം പരിഷത്തു് ഒരുവിധംഭംഗിയായി നടന്നു എന്നുതന്നെയാണു പരക്കെയുള്ള അഭിപ്രായം. പരിഷൽഭാരവാഹികളുടെ അത്യാദരമായ അതിഥിസൽക്കാരം അവിടെ സമ്മേളിച്ച സകല സാഹിത്യകാരന്മാർക്കും, സന്ദർശകന്മാർക്കും പരിപൂർണ്ണമായ സംതൃപ്തിയ്ക്കിടവരുത്തിയിട്ടുണ്ടെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. നീലേശ്വരം പരിഷത്തു് അങ്ങിനെ സാമാന്യം ഭംഗിയായി കഴിഞ്ഞെങ്കിൽ കൂടി, അതിൽ പുരോഗമനസാഹിത്യവകുപ്പിൽപ്പെട്ട ചില പ്രത്യേക വിഭാഗക്കാർ സംബന്ധിച്ചിരുന്നില്ലെന്നും, യഥാസ്ഥിതികകക്ഷിക്കു കൂടുതൽ പ്രമാണ്യം അവിടെയുണ്ടായിരുന്നതിനാലാണതെന്നും ഒരു കിംവദന്തിയല്ല, പരസ്യമായ പ്രസ്താവനതന്നെ പല പത്രങ്ങളിലും കാണുന്നുണ്ടെന്നുള്ളതു ഒരിക്കലും ഒളിച്ചുവെയ്ക്കത്തക്ക ഒരു സംഗതിയല്ല.